# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY
Website : www.filca.in E-mail: filcakerala@gmail.com

PH:8089036090

വോള്യം -7 | ലക്കം -132 | നവംബർ 2024 | മലയാളം - ഇംഗ്ലീഷ്


**FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .**


## നവംബർ ഫിലിം ഫെസ്റ്റിവൽ

### വാർദ്ധക്യവും സ്മൃതിനാശവും

വാർദ്ധക്യത്തിലെ മറവിരോഗവും ഒറ്റപ്പെടലും യാതനയും ആത്മവേദനയും നിസ്സഹായതയും പ്രമേയമാക്കുന്ന സിനിമകൾ....

## Old Age and Dementia: International Film Festival

9:30AM




U.S.A

**THE NOTE BOOK**
Dir:Nick Cassavetes

11:43 AM




CANADA

**AWAY FROM HER**
Dir: Sarah Polley


2:33 PM




FRANCE

**THE FATHER**
Dir:Florian Zeffer

6:00 PM




FRANCE

**AMOUR**
Dir : Michael Haneka

**24**
**SUNDAY**
**NOVEMBER**
**2024**

**VENUE:**
**JOINT COUNCIL A/C HALL,**
**NEAR PRESS CLUB,**
**TRIVANDRUM.**




Inauguration:
**Dr. Robert Mathew**
**President,**
Alzheimer's and Related Disorders Society ,Trivandrum.




Chief Guest:
**Haneefa Ravuthar**
State General Secretary,
Senior Citizen Service Council.

*Free Entry* / *(Admisson to people are above 18 years old)* / *All are welcomed*


പൂജാ ബമ്പർ
ഭാഗ്യക്കുറി 2024
ഒന്നാം സമ്മാനം
₹12 കോടി
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹10 ലക്ഷം
ഓരോ പരമ്പരകൾക്കും 2 വീതം
രണ്ടാം സമ്മാനം
₹1 കോടി
വീതം 5 പരമ്പരകൾക്ക്
നാലാം സമ്മാനം
₹3 ലക്ഷം
വീതം 5 പരമ്പരകൾക്ക്
അഞ്ചാം സമ്മാനം
₹2 ലക്ഷം
വീതം 5 പരമ്പരകൾക്ക്
ടിക്കറ്റ് വില
₹300
BR100
DATE OF DRAW
04-12-2024, 2pm
കൂടാതെ 5000,1000,500,300
രൂപയുടെ നിരവധി സമ്മാനങ്ങൾ
കേരള സംസ്ഥാന ഭാഗ്യക്കുറി
കേരള സർക്കാർ


കാഴ്ചകളുടെ
ലോകത്തിലൂടെ
വിജ്ഞാനത്തിലേക്ക്
ജോയിന്റ് കൗൺസിൽ
നന്മ ഫിലിം സൊസൈറ്റി


www.ksfe.com
KSFE
ഗാലക്സി
ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ
2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ സമ്മാനം
1
മെഴ്സിഡസ് ബെൻസ് കാർ
പരമാവധി 75 ലക്ഷം രൂപ
ബമ്പർ സമ്മാനം
17
ഇന്നോവ കാറുകൾ
പരമാവധി 25 ലക്ഷം രൂപ വീതം
KGC സീരീസ് 2
2024 ജൂലായ് 1 മുതൽ
ഒക്ടോബർ 31 വരെ
ശാഖാതല സമ്മാനങ്ങൾ
25,000ൽ അധികം
ഓണക്കോടികൾ സമ്മാനം
3500 രൂപ
വിലവരുന്ന
ഓണക്കോടി
ഓരോചിട്ടിയിലും
10ൽ ഒരാൾക്ക്
വീതം
GO(Rt) No.527/2024 /TAXES Dt:14.06.2024
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249
Toll Free Helpline
1800-425-3455


UMA
DASGUPTA
1940 - 2024

November Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

6

KSFDC

# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE November 2024

INDEX

1. Ageing, the brain and memory loss: November film festival on Dementia
ഡോ. ബി. രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) — 17 

2. പ്രസക്തമായ പ്രമേയവുമായി ലോകസിനിമാ മേളയും കവിയരങ്ങും
– ജയശ്ചന്ദ്രൻ കല്ലിങ്കൽ (സംസ്ഥാന ജനറൽ സെക്രട്ടറി, ജോയിന്റ് കൗൺസിൽ) — 19 

3. ചരിത്രബോധം വളർത്താൻ ക്വിസ് പ്രോഗ്രാം സഹായിക്കും
- വിജയകൃഷ്ണൻ — 20 

4. നാടക സിനിമ 'യും ' യഥാർഥ സിനിമ'യും – സാബു ശങ്കർ (ഫിൽക്ക) — 21 

5. നോട്ട് ബുക്ക് – വിനോദ് കുമാർ. പി. (ഫിൽക്ക) — 25 

6. കസാവെറ്റ്സ് – അർപ്പണ (ഗിരിജ സുരേന്ദ്രൻ ,വൈസ് പ്രസിഡന്റ്, ഫിൽക്ക) — 26 

7. എവേ ഫ്രം ഹെർ – ജിജോ ജേക്കബ് (ഫിൽക്ക) — 28 

8. സാറ പോളി – പി. എസ്. ജ്യോതിഷ്കുമാർ (ഫിൽക്ക) — 30 

9. ദി ഫാദർ – അഡ്വ. ബിന്ദു. ആർ ( സത്യജിത്ത് റേ ഫിലിം സൊസൈറ്റി ) — 32 

10. ഫ്ലോറിയൻ സെല്ലർ – അഡ്വ. അനഘ — 34 

11. അമോർ ( Amour) – ഷീബ. എസ്. ജെയിംസ് (ഫിൽക്ക) — 36 

12. മൈക്കേൽ ഹനേകേ – സുരേഷ്കുമാർ. സി ( ബീം ഫിലിം സൊസൈറ്റി) — 39 

13. (പ്രതികരണം) അതിജീവനത്തിനു വേണ്ടിയുള്ള പലായനവും കുടിയേറ്റവും പ്രമേയമായ ചലച്ചിത്രമേള - ജോൺ തോമസ് (ഫിൽക്ക) — 41 

14. (വാർത്ത) മലയാള സിനിമ അതിന്റെ കേരളീയത വീണ്ടെടുക്കണം
– പന്ന്യൻ രവീന്ദ്രൻ – സാം ആന്റണി, (ഫിൽക്ക) — 47 

15. മരിച്ചുപോയ ഓർമ്മത്തീരത്ത് – ഡോ. അനിൽ കുമാർ. എസ്. ഡി. — 54 

16. മറവി – ശാന്താ തുളസീധരൻ — 55 

17. കണ്ണുനീർപുഷ്പങ്ങൾ – ഡോ. ഉഷാറാണി . പി . — 56 

18. സ്മൃതി, വിസ്മൃതി – തിരുമല ശിവൻകുട്ടി — 57 

19. ഓർമ്മകൾ മായുമ്പോൾ – അനിതാ ശരത് — 58 

20. പാതയിൽ ഇരുൾ പടരുമ്പോൾ – കരുമം. എം . നീലകണ്ഠൻ — 59 

21. വാർദ്ധക്യവും മറവിരോഗവും – വിശ്വംഭരൻ രാജസൂയം — 60 

22. സ്മൃതി പുസ്തകങ്ങൾ തിരിച്ചും മറിച്ചും - സജി അജീഷ് — 61 

23. രക്തഭ്രമരങ്ങൾ – സാബു ശങ്കർ — 62 

Website:www.filca.in Email:filcakerala@gmail.com


FILM VISION
PROGRAM INAUGURATION:
Joint Council A/C Hall, Near Press Club, Trivandrum.
24 SUNDAY NOVEMBER 2024
FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission , Thalasthana Pourasamithi and other Cultural organisations .
NOVEMBER FILM FESTIVAL 2024
Old Age and Dementia: International Film Festival.
2:33 PM
Inauguration & Quiz winners prize distribution
Welcome speech : VINODKUMAR. P ( Treasurer, FILCA )
Presided over : JAYACHANDRAN KALLINKAL (State General Secretary,Joint Council ).
Inauguration : DR. ROBERT MATHEW ( President, Alzheimer's and Related Disorders Society Trivandrum.)
Chief Guest : HANEEFA RAVUTHAR State General Secretary, Senior Citizen Service Council.
Quiz Program : GIRIJA SURENDRAN ( Actress & Vice President, FILCA )
About Films : SABU SANKAR ( Novelist , Film Author, Director, Chief Correspondent to Nerkazhcha Weekly, America & Samiksha MAGAZINE, CANADA)
Gratitude : JYOTHISHKUMAR.P.S (Joint Secretary, FILCA )
FILCA
free entry (admisson to people are above 18 years old) all are welcomed

# FILM VISION

## November Film Festival 2024

FILCA Film Society in association with Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other Cultural organisations .


24 Sunday , November,2024

### SCREENING SCHEDULE

Joint Council Building, Near Press Club ,Trivandrum.


FILCA

9:30 am-
THE NOTE BOOK



Dir:Nick Cassavetes U.S.A .

11:43 am
AWAY FROM HER



Dir: Sarah Polley CANADA


2:33 pm
Poetry on Old Age and Dementia by Poets, Inauguration , Quiz Prize distribution & Cinema

FATHER



Dir:Florian Zeffer FRANCE

6:00 pm
AMOUR



Dir :Michael Haneka FRANCE

**Old Age and Dementia: International Film Festival.**

FILCA film society, Trivandrum    filcakerala@gmail.com    PH: 80890 36090

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
9
KSFDC

# FILCA QUIZ PROGRAM NOVEMBER FILM FESTIVAL 2024

PHOTO FEATURE

**QUIZ MASTER:**
Vijayakrishnan ( Film Critic and Novelist) ,

Sabu Sankar ( Novelist ,Film Author ,Serial - Documentary Director),
Girija Surendran ( Actress, Vice President Filca),
Jyothishkumar.P.S ( Joint Secretary , Filca ) ,
Vinodkumar .P ( Treasurer, Filca),
John Thomas ( Film Writer, Filca ),
Sam Antony ( Film Writer, Filca) .

Photo Feature :
Satheesh Kammath , (Ananthapuri Online Channel)

വിദ്യാർത്ഥികൾ, 25 ന് മേൽ പ്രായമുള്ളവർ എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി 17 ഞായർ ജോയിന്റ് കൗൺസിൽ ഹാളിൽ വെച്ച് നടത്തിയ ചലച്ചിത്ര ക്വിസ് മത്സരത്തിൽ നിന്നുള്ള ദൃശ്യങ്ങൾ. 24 ഞായർ ഫിലിം ഫെസ്റ്റിവൽ ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്യും. പങ്കെടുത്തവർക്ക് കോൺസലേഷൻ പ്രൈസ് ഉണ്ടായിരിക്കും.

സ്പോൺസർചെയ്തത്: എ. എസ്. ഷിറാസ്. ജനറൽ മാനേജർ,
ഡിസ്ട്രിക്ട് ഇൻഡസ് ട്രീസ് സെന്റർ . തിരു.
& ജോൺ തോമസ് , ഫിലിം റൈറ്റർ , (ഫിൽക്ക)

ക്വിസ് മാസ്റ്റർ ഗിഫ്റ്റ് സ്പോൺസർ ചെയ്തത്: അഡ്വ. ഫിലിപ്പ് ജോസഫ്,
ജില്ലാ പ്രസിഡന്റ്, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ


## WINNERS - STUDENTS SECTION

**ഒന്നാം സ്ഥാനം:ടീം-ഇ**




മഹാദേവ് , ക്യാമ്പസ് ലോ സെന്റർ ,
ഡി . യു.വിഗ്നേശ്വർ, ഗവ. ലോ കോളജ്, തിരു.
(സർട്ടിഫിക്കറ്റ്,ഗിഫ്റ്റ്, 1000 രൂപ. സ്പോൺസർ ചെയ്തത് ശ്രീ.കാർത്തികേയൻ, ജനൗഷധി മെഡിക്കൽ ഷോപ്പ്, ഇടപഴഞ്ഞി ജംഗ്ഷൻ )

**രണ്ടാം സ്ഥാനം:ടീം-ഡി.**




ആദർശ്.കെ. മുരളി , യൂണി. കാര്യവട്ടം ക്യാമ്പസ്
കൃഷ്ണേന്ദു അശോക്,യൂണി.കാര്യവട്ടം ക്യാമ്പസ്.
(സർട്ടിഫിക്കറ്റ് , ഗിഫ്റ്റ്, 750 രൂപ. സ്പോൺസർ ചെയ്തത് സുരേഷ് കുമാർ, ബീം ഫിലിം സൊസൈറ്റി )

**മൂന്നാം സ്ഥാനം ടീം-ജെ.**




ശ്രീരാജി , കെ. ആർ. യൂണി. കാര്യവട്ടം ക്യാമ്പസ്
മീനാക്ഷി അജയ് , യൂണി. കാര്യവട്ടം ക്യാമ്പസ്
(സർട്ടിഫിക്കറ്റ്,ഗിഫ്റ്റ്,250+ 250 രൂപ.സ്പോൺസർ ചെയ്തത് സതീഷ് കമ്മത്ത്, അനന്തപുരി ഓൺലൈൻ ചാനൽ)

**മൂന്നാം സ്ഥാനം:ടീം-ബി.**




അലി ആസാദ് , യൂണി. കോളെജ്, പാളയം.
ശ്രേയസ് .ഡി.പി.എൻ.എസ്. എസ്. കോളെജ്, നിലമേൽ
(സർട്ടിഫിക്കറ്റ്,ഗിഫ്റ്റ്,250+ 250 രൂപ.സ്പോൺസർ ചെയ്തത് സതീഷ് കമ്മത്ത്, അനന്തപുരി ഓൺലൈൻ ചാനൽ)

November Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society



# FILCA QUIZ PROGRAM NOVEMBER FILM FESTIVAL 2024

PHOTO FEATURE

## WINNERS - SENIORS

ഒന്നാം സ്ഥാനം :ടീം-എഫ്.




ദീപു.എസ്. & ഷിബു

രണ്ടാം സ്ഥാനം : ടീം - ബി




രാകേഷ്.ടി.പി.& അയ്യപ്പദാസ്

മൂന്നാം സ്ഥാനം: ടീം - ഐ




ഹാരിസ്.എസ് & ശാന്തകുമാർ.എസ്

## QUIZ PROGRAM PHOTO FEATURE














November Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society

KSFDC



# FILCA QUIZ PROGRAM NOVEMBER FILM FESTIVAL 2024

PHOTO FEATURE






















എന്റെ കേരളം എന്നും സുന്ദരം
ലോകത്തെ കേരളം കാണിക്കൂ!
കേരളത്തിന്റെ ഭംഗി ലോകത്തെ അറിയിക്കാൻ കേരള ടൂറിസം വകുപ്പിനൊപ്പം നിങ്ങളും പങ്കുചേരൂ. സ്വന്തം നാടിന്റെ ഒരു വീഡിയോ തയ്യാറാക്കി നിങ്ങളുടെ സോഷ്യൽ മീഡിയ പേജിൽ #entekeralamennumsundaram എന്ന ഹാഷ്ടാഗിൽ കേരള ടൂറിസത്തിന്റെ ഔദ്യോഗിക ഫേസ്ബുക്ക്/ഇൻസ്റ്റഗ്രാം പേജ് ടാഗ് ചെയ്ത് (@keralatourism) അപ്‌ലോഡ് ചെയ്യൂ. തിരഞ്ഞെടുക്കുന്ന മികച്ച ദൃശ്യങ്ങൾ ടൂറിസം വകുപ്പിന്റെ ഔദ്യോഗിക മ്യൂസിക് വീഡിയോയിൽ ഉൾപ്പെടുത്തുന്നതാണ്.
Maitri.com
കേരള സർക്കാർ
kerala
God's Own Country


www.kswdc.org
181
Enabling the Women of Kerala to Realize their Full Potential
About KSWDC
The Kerala State Women's Development Corporation, a Public Sector Undertaking under Govt. of Kerala established in 1988 with a prime objective to empower & educate women by helping them to overcome the constraints & challenges that hamper their growth and advancements.
Employment & Skilling
» Self-Employment Loan Schemes (Women & Transgenders)
» Educational Loan Schemes
» Entrepreneurship Development Programmes (EDP)
» REACH Finishing School for Women
» Advanced Skill Enhancement Programme in Nursing (ASEPN)
» Vanamithra Skill Development Centre for Tribal Women
Health & Hygiene
SHE PAD programme-Supply of sanitary napkins, napkin destroyers & alminahs in Govt./Aided Schools
Menstrual Hygiene Awareness Programme
Women Safety
181- 24x7 Women Helpline
Bodhyam – Gender Sensitization Training for Police
Infrastructure for Women
Vanitha Mithra Kendra- Working Women's Hostel
Safe Stay – Short stay facility for women
Corporate Office
THE KERALA STATE WOMEN'S DEVELOPMENT CORPORATION LTD
1st Floor, Transport Bhavan, KSRTC Building, Eastfort Attakulangara P.O, Trivandrum 695023
Ph:0471 2454585, 9496015015
Email: md@kswdc.org, head@kswdc.org
Connect with us



THERE ARE FILMS
IN
FROM
Golden Sparrow International Film Festival
ONE LEAF INTERNATIONAL FILM FESTIVAL
NFA
IFFK
KERALA STATE FILM AWARDS
Virgin Spring Cinefest
URUVATTI INTERNATIONAL FILM FESTIVAL
CYBER FILM FESTIVAL
MTIFF
DURGAPUR INTERNATIONAL FILM FESTIVAL
Madrid International Film Festival
Sacramento International Film Festival
Durban International Film Festival
Kalakari
& Curated by the Creators of Cultural contents and more...
Owned by
Department of Cultural Affairs
Government of Kerala
CSPACE
Developed and managed by
Kerala State
Film Development Corporation
WORLD'S FIRST GOVERNMENT OPERATED OTT PLATFORM
GET IT ON Google Play
Download on the App Store

# FILCA

FILM LOVERS CULTURAL ASSOCIATION


Website: www.filca.in
E-mail: filcakerala@gmail.com Ph.+91 8089036090


# NOVEMBER 2024 FILM FESTIVAL

## Old Age and Dementia വാർദ്ധക്യവും സ്മൃതിനാശവും

**വാർദ്ധക്യത്തിലെ മറവിരോഗവും ഒറ്റപ്പെടലും യാതനയും ആത്മവേദനയും നിസ്സഹായതയും പ്രമേയമാക്കുന്ന സിനിമകൾ...**

KSFDC

കേരള ഭാഗ്യക്കുറി

Filca Film Society

*in association with*

Joint Council -Nanma Film Society, KSFDC, Chalachithra Academy, Beam Film Society, Priyadarshini Film Society, Arpanaa Foundation Film Society, Human Rights Protection Mission, Thalasthana Pourasamithi and other cultural organizations

**24 Sunday November 2024**

Venue
**Joint Council A/C Hall**
Near Press Club Trivandrum



Inauguration
Dr. Robert Mathew
President, Alzheimer's and Related Disorders Society Trivandrum



Chief Guest
Haneefa Ravuthar
State General Secretary
Senior Citizen Service Council

**09.30 AM**

*Note Book*
*2004-USA*
*Dir: Nick Cassavetes*
*123 Mins*




വാർദ്ധക്യവും സ്മൃതിനാശവും
ഫിൽക്ക ഫിലിം സൊസൈറ്റിയുടെ
ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന നവംബർ മാസ
ചലച്ചിത്ര മേളയുടെ പ്രമേയമാണ്
**വാർദ്ധക്യവും സ്മൃതിനാശവും**
വാർദ്ധക്യത്തിലെ ഒറ്റപ്പെടലും അനാരോഗ്യവും
പക്ഷാഘാതവും അൽഷിമേഴ്സ്, ഡിമെൻഷ്യ
എന്നൊക്കെ പറയുന്ന മറവിരോഗവും
വൃദ്ധജനങ്ങളുടെ ദൈനംദിന ജീവിതത്തെ
ദുരിതനിരാശയിലാഴ്ത്തുന്ന ദയനീയ അവസ്ഥയും
നിസ്സഹായതയും ചിത്രീകരിച്ച
നാല് സിനിമകളുടെ പ്രദർശനം.
വിശ്വ സിനിമയിലെ
ഉന്നത പുരസ്കാരങ്ങൾ നേടിയ
**നോട്ട് ബുക്ക്** (യു. എസ്. എ)
**അമോർ** (ഫ്രാൻസ്, ഓസ്ട്രിയ, ജർമ്മനി)
**ഫാദർ** (ഫ്രാൻസ് , യു . കെ)
**എവേ ഫ്രം ഹെർ** (കാനഡ).

ദമ്പതികളിൽ ഒരാൾ മറക്കുന്ന
മധുരയൗവ്വനവും പ്രണയവും അവരെ
ജീവിക്കാൻ പ്രേരിപ്പിക്കുന്നുണ്ടെങ്കിലും അവരുടെ
ദാരുണാവസ്ഥ ഓരോ ദിവസവും
മുന്നോട്ട് പോകാൻ പിന്തിരിപ്പിക്കുന്നു.
അവർ കുടുംബാംഗങ്ങൾക്ക്
നൽകിയ സ്നേഹവും കരുതലും
സ്വന്തമെന്ന പരിഗണനയും തീരുന്ന നൊമ്പരങ്ങളാണ്
അവരെ സമൂഹം സഹൃദയം പരിഗണിക്കണം എന്ന
സന്ദേശമാണ് ഈ മേള ഓർമ്മിപ്പിക്കുന്നത്
**നവംബർ 24 ഞായറാഴ്ച ജോയിൻ്റ് കൗൺസിൽ**
ഹാളിൽ മറ്റ് ഫിലിം സൊസൈറ്റികളുടെ
സഹകരണത്തോടെ നടത്തുന്ന മേളയിൽ
**പ്രവേശനം സൗജന്യം**

**11.43 AM**

*Away From Her*
*2006-Canada*
*Dir: Sarah Polley*
*110 Mins*





**02.33 PM**




*The Father*
*2020*
*France-UK*
*Dir: Florian Zeller*
*97 Mins*

**06.00 PM**


*Amour*
*2012- France*
*Austria-Germany*
*Dir: Michael Haneka*
*127 Mins*




**Free Entry**
**All are Welcomed.**
( Admission to people who are above 18 years old)


FILCA
FILM LOVERS CULTURAL ASSOCIATION
Website: www.filca.in
E-mail: filcakerala@gmail.com Ph.+91 8089036090
NOVEMBER 2024
FILM FESTIVAL
Old Age and Dementia വാർദ്ധക്യവും സ്മൃതിനാശവും
വാർദ്ധക്യത്തിലെ മറവിരോഗവും
ഒറ്റപ്പെടലും യാതനയും ആത്മവേദനയും
നിസ്സഹായതയും പ്രമേയമാക്കുന്ന സിനിമകൾ...
KSFDC
Filca Film Society
in association with
Joint Council -Nanma Film Society, KSFDC,
Chalachithra Academy, Beam Film Society, Priyadarshini Film Society,
Arpanaa Foundation Film Society, Human Rights Protection Mission,
Thalasthana Pourasamithi and other cultural organizations
24 ഞായർ
നവംബർ
2024
ഫിലിം ഫെസ്റ്റിവൽ
കവിത പ്രമേയം
വാർദ്ധക്യവും
സ്മൃതി നാശവും
ഉദ്ഘാടന വേദി
കവിയരങ്ങ്
2:30 പി. എം.
അധ്യക്ഷ & മോഡറേറ്റർ
ഗിരിജ സുരേന്ദ്രൻ
(അഭിനേത്രി , വൈസ് പ്രസിഡന്റ് ഫിൽക്ക)
കവികൾ, കവിതകൾ
1. ഡോ. അനിൽകുമാർ എസ്. ഡി.
മരിച്ചുപോയ ഓർമ്മത്തീരത്ത്
2. ശാന്ത തുളസീധരൻ
മറവി
3. ഡോ. ഉഷാറാണി
കണ്ണീർ പുഷ്പങ്ങൾ
4. തിരുമല ശിവൻകുട്ടി
സ്മൃതി, വിസ്മൃതി
5. അനിതാ ശരത്
ഓർമ്മകൾ മായുമ്പോൾ
6. കരുമം . എം. നീലകണ്ഠൻ
പാതയിൽ ഇരുൾ പടരുമ്പോൾ
7. സജി അജീഷ്
സ്മൃതി പുസ്തകങ്ങൾ തിരിച്ചും മറിച്ചും
8. വിശ്വംഭരൻ രാജസൂയം
വാർദ്ധക്യവും മറവിരോഗവും
9. സാബു ശങ്കർ
രക്ത ഭ്രമരങ്ങൾ

# Ageing, the brain and memory loss: November film festival on Dementia



ഡോ. ബി. രാധാകൃഷ്ണൻ
(പ്രസിഡന്റ്,
ഫിൽക്ക ഫിലിം സൊസൈറ്റി)

Ageing is a natural process of our lives. Currently average global life expectancy for men is 70 years and female,75 years. Women out live men at old age and morbidity seen more in older female.


Brain is the controlling organ of human body. As people age, some brain cells degenerate beyond revival, gradual in onset and manifests as memory loss as well as disorder of body systems in varying dimensions.

Memory loss could be of immediate onset which results from sudden cessation of blood flow to the brain whereas gradual non functioning of individual nerve cell (neuron) leads to reduction of conducting neurotransmitters like dopamine, acetylcholine which play a key role in memory and cognitive function.

We identify this neurological disorder characterized by progressive cognitive decline affecting memory, thinking, ability to multi task, communication etc as dementia.Dementia is of different types and the type characterized by impaired memory, misbehavior and inability to think as Alzheimer's disease.

In normal ageing, these memory lapses are infrequent and don't progress rapidly and timely appropriate stimulation in adequate ways reverse their behavior and memory.

The usual symptoms exhibited are forgetfulness, disorientation, mood changes, language difficulties and loss of independence.



The social implications are worse and the affected individual is unaware and non productive. Their care giver is aware of situation but incapable to offer remedial measure of benefit apart from providing adequate nutrition, modifying life style and symptomatic care which could delay progression of the disease process.

Visual media helps to provide some care through encouraging empathy and understanding to care givers and family members, reduces societal stigma, brings in social change, support and cognitive stimulation.



Public could be tutored to improve the care options and advocacy to sufferers. Social responsibility could be emphasized, physical resources and support information could be augmented. Many movies in regional language and international languages, based on memory loss, altered behavior came up in the last decade and repeated screening with needed translations are helping to reduce the untouchability of similar vegetative life of our human colleagues and to bring in an inclusive life in future.

The movies selected for screening on 24 November ("The Note Book" /2004/ USA, "Away from her" / 2006/ Canada, "The Father" / 2020/ France - UK , and "Amour" / 2012 / France - Austria - Germany ) are globally accepted as societal promoters in memory loss.

All these four films are internationally well acclaimed, aesthetically deep , and sensitive. ●

# പ്രസക്തമായ പ്രമേയവുമായി ലോകസിനിമാ മേളയും കവിയരങ്ങും



ജയശ്ചന്ദ്രൻ കല്ലിങ്കൽ
(സംസ്ഥാന ജനറൽ സെക്രട്ടറി,
ജോയിന്റ് കൗൺസിൽ )

ഫിലിം ഫെസ്റ്റിവലിന്റെ പ്രമേയം അടിസ്ഥാനമാക്കി ആ ദിവസം കവിയരങ്ങ് സംഘടിപ്പിക്കുക , ആ കവിതകൾ ഫിലിം മാഗസിനിൽ പ്രസിദ്ധീകരിക്കുക എന്നത് കേരളത്തിൽ ആദ്യമായിട്ടായിരിക്കും.

ഫിൽക്ക ഫിലിം സൊസൈറ്റിയും ജോയിന്റ് കൗൺസിൽ നന്മ ഫിലിം സൊസൈറ്റിയും ഇതര സംഘടനകളും ഒത്തു ചേർന്നു നടത്തുന്ന പ്രതിമാസ ചലച്ചിത്രമേളയുടെ പ്രത്യേകത അത് സാമൂഹിക - വൈജ്ഞാനിക പ്രസക്തിയുള്ള വിഷയം തെരഞ്ഞെടുത്ത് അതിന് യോജിച്ച വിഖ്യാത സിനിമകൾ വിശ്വസിനിമയിൽ നിന്ന് കണ്ടെത്തി പ്രദർശിപ്പിക്കുന്നു എന്നതാണ്.

ആ സിനിമകളെ കുറിച്ചുള്ള മൗലിക പഠനങ്ങൾ ഫിലിം സൊസൈറ്റി പ്രേക്ഷകരിൽ നിന്നും സ്വീകരിച്ച് ഫിലിം മാഗസിനിൽ പ്രസിദ്ധീകരിക്കുന്നു. ഡിജിറ്റൽ മാഗസിൻ ഓൺലൈനിൽ മറ്റുള്ളവർക്കായി സൂക്ഷിക്കുന്നു.

ഈ മാസം ചലച്ചിത്ര മേളയുടെ വിഷയം വാർദ്ധക്യവും മറവിരോഗവും എന്നതാണ്.

നമ്മുടെ സമൂഹത്തിലും വളരെ രൂക്ഷമാവുന്ന ഒരു വിഷയം തന്നെയാണത്. ഇന്നത്തെ പച്ചില നാളത്തെ പഴുത്തില ആണെന്ന കാര്യത്തിൽ തർക്കമില്ല. വികസിത രാജ്യങ്ങളിൽ ഉള്ളത് പോലെ വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ , ആരോഗ്യ പരിരക്ഷ , സാമൂഹിക പരിഗണന എന്നിവ നമ്മുടെ സമൂഹത്തിൽ ഇല്ല. പല കുടുംബങ്ങളിലും പരിതാപകരമായ അവസ്ഥ നിലനിൽക്കുന്നു. അത് പുറമെ അറിയിക്കാറില്ല എന്ന് മാത്രം. ഈ വിഷയം ഒരു ചലച്ചിത്ര മേളയ്ക്ക് തെരഞ്ഞെടുക്കുന്നത് ആദ്യമായിട്ടാവും.

കൂടുതൽ ചർച്ച ചെയ്യാൻ ഈ വിഷയത്തിൽ കവിയരങ്ങ് കൂടി മേളയിൽ ഉൾപ്പെടുത്തി കവിതകൾ ഡിജിറ്റൽ ഫിലിം മാഗസിനിൽ പ്രസിദ്ധീകരിക്കുന്നു. ഈ പങ്കാളിത്തം പുതിയൊരു അവബോധം സൃഷ്ടിക്കും എന്ന കാര്യത്തിൽ സംശയമില്ല.

ഈ ചലച്ചിത്ര - സംസ്കാരിക - സാമൂഹിക സാക്ഷരതാ രീതി പുതുതും പ്രസക്തവുമായ വിഷയങ്ങളുമായി മുന്നോട്ട് പോകേണ്ടതുണ്ട്.

സമാന്തര സിനിമകൾക്കും ലോക ക്ലാസിക് സിനിമകൾക്കും പ്രേക്ഷകർ വളരെ കുറവായ ഈ കാലഘട്ടത്തിൽ നല്ല സിനിമയോടുള്ള താല്പര്യം ഒന്നു കൊണ്ടു മാത്രം സിനിമകൾ കാണാൻ വരുകയും ക്വിസ് പ്രോഗ്രാമുകളിൽ സജീവമായി പങ്കെടുക്കുകയും കവിതകൾ അവതരിപ്പിക്കുകയും ചെയ്യുന്ന ഏവരെയും അഭിനന്ദിക്കുന്നു .

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
20
KSFDC

# ചരിത്രബോധം വളർത്താൻ ക്വിസ് പ്രോഗ്രാം സഹായിക്കും



വിജയകൃഷ്ണൻ
നിരൂപകൻ നോവലിസ്റ്റ്

സിനിമ ക്വിസ് വരുന്ന മാസങ്ങളിൽ കൂടുതൽ സ്കൂൾ കോളേജ് ടീമുകളെ ഉൾക്കൊള്ളിച്ച് കൂടുതൽ ബൃഹത്തായ രീതിയിൽ മത്സരങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്. കച്ചവട സിനിമകളെ ഒഴിവാക്കി, സംസ്കാര സംബന്ധിയായ സിനിമകളെ മാത്രം ഉൾക്കൊള്ളിച്ച്, ഏതൊക്കെ സിനിമകളിൽ നിന്നാണോ ചോദ്യങ്ങൾ ചോദിക്കുന്നത്, അതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകി, അവയെ പറ്റി പഠിക്കുന്നതിനും കൃത്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിനുമുള്ള സമയവും നൽകിയാണ് പ്രസ്തുത ക്വിസ്സുകൾ നടത്തി വരുന്നത്. അതുകൊണ്ടു തന്നെ ഇപ്രാവശ്യത്തെ ക്വിസ് വളരെ നല്ല രീതിയിൽ നടത്തുവാൻ സാധിച്ചു.

1988 ൽ കേരളത്തിൽ ആദ്യമായി ഇന്റർനാഷണൽ ഫിലിം ഈ നടന്ന വേളയിൽ, ഒരു ക്വിസ് പ്രോഗ്രാമിന് നേതൃത്വം കൊടുക്കാനായി ദൂരദർശനിൽ നിന്ന് ക്ഷണം കിട്ടി. അന്ന് 80 ചോദ്യം ചോദിച്ചതിൽ 48 ചോദ്യത്തിന്റെയും ഉത്തരം ഞാൻ തന്നെ പറയേണ്ടി വന്നു. അന്നത് ഒരു പൂർണ്ണ പരാജയമായി പോയി. അങ്ങനെ ഒരു പരാജയത്തിൽ ആയിരുന്നു തുടക്കമെങ്കിലും പിന്നീട് വളരെയേറെ ക്വിസുകൾ താല്പര്യപൂർവ്വം സംഘടിപ്പിക്കാനായി എന്നതും ഓർക്കുന്നു. മത്സരാർത്ഥികൾ അവർക്ക് നിർദ്ദേശിച്ച ചിത്രങ്ങൾ കണ്ടശേഷം അതിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ആയിരിക്കും ഉത്തരം പറയേണ്ടി വരിക എന്നതുകൊണ്ടുതന്നെ, സിനിമ സംബന്ധിയായ ഇത്തരം ക്വിസുകൾ വിദ്യാർഥികളെ കൂടുതൽ ചിത്രങ്ങൾ കാണാൻ പ്രേരിപ്പിക്കുന്നു എന്നു കാണണം. ഒപ്പം അതൊരു മത്സരവും കൂടിയാകുമ്പോൾ അങ്ങനെ പഠിക്കുന്ന കാര്യങ്ങൾ ഓർത്തിരിക്കുവാനും സിനിമകളെ കുറിച്ചുള്ള അറിവു വർദ്ധിപ്പിക്കുവാനും സാധിക്കും. ഇവിടെ സംഘടിപ്പിക്കുന്നത് മിക്കപ്പോഴും ലോക സിനിമകളിൽ നിന്നുള്ള ക്വിസ് ആയതുകൊണ്ട് തന്നെ കുട്ടികളിൽ ചരിത്രബോധം വളർത്തിയെടുക്കുവാൻ വളരെ ഏറെ സഹായിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഫിൽക്കയുടെ നേതൃത്വത്തിൽ രണ്ടാം തവണ ക്വിസ് മത്സരം സംഘടിപ്പിക്കുമ്പോഴേക്കും ടീമുകളുടെ എണ്ണവും കൂടിയിരുന്നു. ചോദ്യങ്ങളിൽ പലതും അത്ര എളുപ്പമുള്ളവ അല്ലാതിരുന്നിട്ട് കൂടി എന്നേ അമ്പരപ്പിച്ചുകൊണ്ട് കൃത്യമായ ഉത്തരങ്ങൾ കിട്ടുകയും ചെയ്തു.

സിനിമയ്ക്ക് പുറത്തുനിന്നു പോലും ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. അവയ്ക്കു പോലും കൃത്യമായ ഉത്തരം കിട്ടി എന്നത് വളരെ സന്തോഷം തന്ന കാര്യമാണ്. അടുത്ത തവണ കുറച്ചുകൂടി ടഫ് ആയിട്ടുള്ള ചോദ്യങ്ങൾ ചോദിക്കാം എന്ന് കരുതുന്നു. വെറുമൊരു മത്സരത്തിൽ പങ്കെടുക്കുക എന്ന ലാഘവത്തോടെ അല്ലാതെ സിനിമയെ ഗൗരവത്തോടെ കാണുകയും വിശദമായി റഫർ ചെയ്ത തയ്യാറെടുപ്പുകളോടെ തന്നെയാണ് വിദ്യാർത്ഥികൾ ഒക്കെ വന്നത് എന്ന് അറിവ് അതിലേറെ സന്തോഷം തരുന്നു.

ഇത്തരം പ്രയോജനകരവും വിജ്ഞാനപ്രദങ്ങളുമായ കൂടുതൽ പരിപാടികളുമായി ഫിൽക്ക മുന്നോട്ടു വരട്ടെ എന്ന ആശിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. മത്സരത്തിൽ വിജയിച്ച കുട്ടികൾക്ക് എല്ലാവർക്കും അഭിനന്ദനങ്ങൾ നൽകുകയും ഒപ്പം കൂടുതൽ പാർട്ടിസിപ്പേഷൻ ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ●

# നാടക സിനിമ 'യും ' യഥാർഥ സിനിമ'യും



സാബു ശങ്കർ
(നോവലിസ്റ്റ്, ഫിലിം ഓഥർ, സംവിധായകൻ)

ഒ പൊതുവേ പരിചിതമായ 'നാടകസിനിമ' യിൽ നിന്ന് വ്യത്യസ്തമാണ് 'യഥാർത്ഥ സിനിമ'.

കല ഒരു ദേശത്തിന്റെ സംസ്കാരിക ബൗദ്ധിക ഉൽപ്പന്നമായതിനാൽ സർഗ്ഗ സിനിമ ഒരു പ്രത്യേക കലാരൂപം തന്നെയാണ്. അതിന്റെ രൂപം എപ്പോഴും മാറിക്കൊണ്ടിരിക്കും. അത് മനസ്സിലാക്കാൻ മികച്ച പ്രേക്ഷകർ കേരളത്തിൽ വേണം. അതിനാണ് നല്ല ധാരണ വളർത്താൻ വേണ്ടി , ആഗോള സിനിമ കാണാൻ വേണ്ടി, ഫിലിം സൊസൈറ്റികളും ഫെസ്റ്റിവലുകളും സജീവമാകുന്നത് .

ആ വഴിയിൽ സഞ്ചാരമില്ലാത്തവർക്ക് തങ്ങൾ നിർമ്മിക്കുന്ന ചലച്ചിത്ര ഉൽപ്പന്നം ഏത് നില വാരത്തിൽ ഉള്ളതാണെന്ന് താരതമ്യ സ്വയം വിമർശനം നടത്തി തിരിച്ചറിയാൻ കഴിയില്ല. അവ മിന്നൽ പോലെ വരുന്നു; മായുന്നു. യൂണിവേഴ്സൽ സിനിമ അപ്രതീക്ഷിതമായി സംഭവിക്കുകയില്ല. അതിന് പിന്നിൽ നല്ല പരിശീലനം തന്നെ വേണം. ആ ദുർഘട സഞ്ചാരപഥത്തിൽ ആളെണ്ണം കുറവാണ്. കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാന ങ്ങളിൽ , രാജ്യാന്തര തലത്തിൽ , മലയാള സിനി മയ്ക്ക് മൂല്യവും അന്തസും ഉണ്ടാക്കിയവർ എത്ര പേരുണ്ടെന്ന് സിനിമാ ചരിത്രത്തിൽ നോക്കി യാൽ മനസ്സിലാവും .



കാഞ്ചനസീത (1978)

മികച്ച പ്രേക്ഷകർ മനസ്സിലാക്കുന്ന, ആസ്വദിക്കുന്ന , വിലയിരുത്തുന്ന സിനിമകൾ മലയാളത്തിൽ ഏറിയാൽ നാലോ അഞ്ചോ പേരുടേത് മാത്രം. ! അത് എന്തു കൊണ്ടെന്ന് ചരിത്രപരമായി നിരീക്ഷിച്ചു മനസ്സിലാക്കേണ്ട ഒരു കാര്യവുമാണ്.

ആ ചലച്ചിത്രധാര കേരള ത്തിൽ എന്നും ഒരു സാഹസിക യത്നം പോലെയാണ്. മികച്ച വായനക്കാർ കുറവാണ് എന്നത് പോലെ മികച്ച പ്രേക്ഷകരും കുറവാണ് എന്നത് തിരിച്ചറിയേണ്ടുന്ന യാഥാർത്ഥ്യ മാണ് . സമൂഹത്തിന്റെ ബോധരൂപമാണ് കല എന്ന വസ്തുത നിസ്സാരവൽക്കരിക്കുന്നു ; ലളിതവൽക്കരിക്കുന്നു.

സിനിമയ്ക്ക് പരസ്യം നൽകി , ചിലപ്പോൾ അവാർഡുകൾ തരപ്പെടുത്തി , ക്ളാസിക് ആണെന്ന് പ്രചരിപ്പിച്ച്, സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പല പ്രഹസന നാടക ങ്ങളും കാണാൻ കഴിയും . പക്ഷേ അവയൊന്നും താൽക്കാലിക നേട്ടങ്ങൾക്ക് ഉപരിയായി ഒരു നിശ്ചിത കാലത്തിനപ്പു റത്തേക്ക് നില നിൽക്കുന്നില്ല എന്നും ചരിത്രപ രമായ പരിശോധന യിലൂടെ തിരിച്ചറി യാനൊക്കും.പത്ത് വർഷങ്ങൾ പിന്നോ ട്ട് നോക്കിയാൽ അക്കാലത്ത് കൊട്ടി ഘോഷിക്കപ്പെട്ട 95%വും ഇന്ന് അപ്ര സക്ത മായി മറഞ്ഞുവെന്ന് കാണാം. വരുന്നു ; മായുന്നു. തർക്കമില്ല; മലയാള സിനിമ യിൽ ആദ്യമായി ' യഥാർഥ സിനിമ' അവതരിപ്പിച്ചത് 1972 – ലെ ' സ്വയംവരം ' ആണ്. അതിന്നും പ്രദർശിപ്പി


തമ്പ് (1978)

ക്കുന്നു. നാല് ദേശീയ അവാർഡുകൾ കരസ്ഥമാക്കി. വിദേശ മേളകളിലും എത്തി. എന്നാൽ കേരളത്തിലോ ? മികച്ച സിനിമയ്ക്കുള്ള അവാർഡിനു പരിഗണിച്ചില്ല. ഇത് ഒരു സാംസ്കാരിക നിലവാര പ്രശ്നം തന്നെയാണ്. അവാർഡ് കമ്മറ്റിയിലെ അംഗങ്ങളുടെ യോഗ്യതയുടെ പ്രശ്നമാണ്. അവരെ നിയോഗിക്കുന്ന രാഷ്ട്രീയ നേതൃത്വത്തിന്റെ യോഗ്യതയുടെ പ്രശ്നമാണ്. അതിന്നും തുടരുന്നു.

ഇപ്പോൾ ഏറ്റവും പരിതാപകരം ദേശീയ അവാർഡ് നിർണയ സമിതിയുടെ യോഗ്യതയാണ്. കലികാലം ! കാർക്കോടക വിഷകാലം ! അറിവില്ലാത്ത കാര്യങ്ങളിൽ ആധികാരികമായി ഇടപെടരുത് എന്ന വിവേകം എന്നുദിക്കും? വരും തലമുറ ഇതെല്ലാം കറുത്ത ഏടുകളെന്ന് വിധിയെഴുതാതിരിക്കുമോ ?

സമാന്തര സിനിമ എന്നാണ് ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധേയമായ സിനിമകളെ വിളിക്കുന്നത്. മറ്റുള്ളവയെ അപേക്ഷിച്ച് മുഖ്യമായ സ്ഥാനം അവയ്ക്കുണ്ട്. എന്നാൽ മുഖ്യധാരാ സിനിമ എന്ന് വിളിക്കുന്നത് ഇവയെ അല്ലെന്നു കാണാം. ജനപ്രിയ സിനിമകളെ മുഖ്യധാരാ സിനിമയെന്ന് വിളിക്കുന്നത് ആരാണ് ? നിരൂപകർ അങ്ങനെ വിളിക്കാറില്ല. പിന്നെ ആരാണ് മുഖ്യമായ മുഖ്യധാരാ സിനിമയെ സമാന്തര സിനിമയെന്ന് വിളിക്കുന്നത് ?സാധാരണക്കാരുടെ ജനപ്രീതിയെ അടിസ്ഥാനമാക്കിയ 'നാടകസിനിമ' യെ മുഖ്യധാരാ സിനി മയെന്നും 'യഥാർഥ സിനി മ'യെ സമാന്തര സിനിമ യെന്നും വിളിക്കപ്പെട്ടതിന്റെ ഉറവിടം പരിശോധിക്കേണ്ടതുണ്ട് . ഈ വക തിരിവില്ലാത്ത,തലതിരിഞ്ഞ പദപ്രയോഗം ഇനിയും തിരുത്തേണ്ടതുണ്ട്. .

സർഗാത്മക സ്വതന്ത്ര സിനിമകൾക്ക് പലപ്പോഴും നിർമ്മാണത്തുക പ്രശ്നം തന്നെയാണ്. സത്യജിത് റായിയുടെ ആദ്യ സിനിമ - പഥേർ പാഞ്ജലി യുടെയും അടൂർ ഗോപാലകൃഷ്ണ ന്റെ ആദ്യ സിനിമ - സ്വയംവരത്തിന്റെയും നിർമ്മാണ സാഹചര്യം നോക്കിയാൽ അത് മനസിലാവും.പൊതു പങ്കാളിത്തത്തോടെ ചിത്രലേഖ, ജനശക്തി , ഒഡേസ എന്നിങ്ങനെ പല ജനകീയ ചലച്ചിത്ര നിർമ്മാണ സംരംഭങ്ങൾ കേരള ത്തിൽ നടന്നിട്ടുണ്ട്. എങ്കിലും ആ പ്രധാന പ്രശ്നം ഇന്നും തുടരുന്നു.ചിത്രകാരൻ ചിത്രം വരയ്ക്കുന്നത് പോലെ , കവി കവിത എഴുതുന്നത് പോലെ , നോവലിസ്റ്റ് നോവൽ രചിക്കുന്നത് പോലെ തന്നെയാണ് സംവിധായകനും സൃഷ്ടി കർമ്മത്തിൽ മുഴുകുന്നത്. അതിനാൽ പലപ്പോഴും സംവിധായകർ തന്നെ പണം കണ്ടെത്തിയാണ് അവരുടെ സ്വതന്ത്ര സിനിമ നിർമ്മിച്ചിട്ടുള്ളത്.


എസ്തപ്പാൻ ( 1980)

തിരക്കഥ എന്നത് ചിത്രീകരണത്തിനുള്ള ഒരു ആശയം മാത്രമാണ്. തിരക്കഥ ചിത്രീകരിച്ചാൽ ഒരുപക്ഷേ ' നാടക സിനിമ ' ആയേക്കും. ' യഥാർഥ സിനിമ' യാവില്ല. കാരണമെന്താണ് ? അതിന്റെ പ്രശ്നം നാടക ത്തിലൂടെ യാണ് സിനിമയെ കാണുന്നത് എന്നതാണ്. വാസ്തവത്തിൽ ചിത്ര കലയുടെ സങ്കേതത്തിലൂടെയാണ് സിനിമയുടെ രൂപത്തെ കുറിച്ച് ചിന്തിക്കേണ്ടത്. അതാണ് ചലച്ചിത്ര ഭാഷയും സിനിമയുടെ വ്യാകരണവും.



എലിപ്പത്തായം ( 1982)

ഇത് പഠിക്കാൻ വിശ്വ ക്ളാസിക് സിനിമ തന്നെ കാണണം. വർഷങ്ങൾ കൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിൽ ഉണ്ടായ ഓരോ ചലച്ചിത്ര രീതിയും ദർശനവും പ്രസ്ഥാനവും പഠിക്കണം. ഇനി യെന്ത് എന്ന ചിന്തയിൽ മൗലികമായ വഴികൾ തേടണം. ഗഹനമായ അറിവും തഴക്കവും നേടണം. തഴക്കം എന്നത് പ്രധാനം തന്നെയാണ്. കാരണം സിനി മ എന്നത് കാലത്തിൽ കൊത്തിയെടുക്കുന്ന ശില്പവേല പോലെയാണ്. ഷോട്ടുകൾ കൊണ്ടുള്ള അനുഭവമാണ്. കാവ്യവ്യക്തിത്വം കൊണ്ടുള്ള രേഖപ്പെടുത്തലാണ്. ഒരു സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും സ്വഭാവ സവിശേഷതകളുടെ ഒഴുക്കാണ്. മനുഷ്യ ജീവിതത്തോടുള്ള ഇടപെടലാണ്. കാതലായ കാര്യങ്ങളിലേക്കുള്ള ഗഹന മായ യാത്രയാണ്. ആശയത്തിന്റെയും പുന രാവിഷ്കാരത്തിന്റെയും ധ്യാനമാണ്.



മുഖാമുഖം ( 1984)

തഴക്കം കാഴ്ചയുടെ അനുഭവത്തെ സംബ ന്ധിക്കുന്ന ഒന്നാണ്. കഥയല്ല സിനിമ എന്നൊരു ലേഖനം ഒരു പതിറ്റാണ്ട് മുൻപ് എഴുതിയിരുന്നു. കഥ പറയാനുള്ള ഒരു മാധ്യമമല്ല സിനി മ അർത്ഥവത്തായ ഒരു ചിത്രലോകത്തെ സൃഷ്ടിക്കുക എന്നതാണ് ചലച്ചിത്ര കല. കഥ അറിയാനാണെങ്കിൽ സിനിമ ഒന്നിൽ കൂടുതൽ പ്രാവശ്യം കാണേണ്ടതില്ലല്ലോ. ജീവത്തായ നിമിഷങ്ങളെ കാഴ്ചയിലൂടെ അനുഭവി ക്കാനാണ് സിനിമ വീണ്ടും കാണുന്നത്. വിശ്വ സിനിമകളുടെ രാജ്യാന്തര മേളകളിൽ ചലച്ചിത്രത്തിന്റെ ഉള്ളടക്കത്തെ കുറിച്ച് ധാരണ നൽകുന്ന ലഘുവിവരണം ആദ്യമേ പ്രേക്ഷകർക്ക് ലഭിക്കുന്നു.

വിഷയ സംബന്ധിയായ മുൻധാരണ യോടെ യാണ് ചലച്ചിത്ര സൃഷ്ടിയെ പ്രേക്ഷകർ സമീപിക്കുന്നതും ഉൾക്കൊള്ളുന്നതും അനു ഭവിക്കുന്നതും. അപ്പോൾ കഥയോ പ്രമേയമോ അല്ല പ്രേക്ഷകൻ അനുഭവിക്കുന്നത്. സിനിമ യുടേതായ ദൃശ്യാത്മക ലോകത്തെ യാണ് പ്രേക്ഷകർ അനുഭവിക്കുന്നത്. ആ ദൃശ്യ വ്യാകരണം സൃഷ്ടിക്കാൻ തഴക്കം വേണം.

സൃഷ്ടിയിൽ ആത്മാവുണ്ട് എന്ന് ഉറപ്പാക്കണം. സിനിമയ്ക്ക് മനസ്സ് ഇല്ലെങ്കിലും കലാകാരന്റെ ആത്മാവുണ്ട്. സിനിമയുടെ സൈക്കോളജി ! അത് ശിൽപ്പഭദ്രതയിലൂടെ , മാറിമാറി വരുന്ന


പിറവി ( 1989)

പരീക്ഷണങ്ങളിലൂടെ , സൃഷ്ടിച്ചെടുക്കുന്ന ചലിക്കുന്ന ചിത്രകലാ രൂപവുമാണ്. അതിന് തഴക്കം കൂടിയേ തീരൂ.

ഇവിടെ അപഗ്രഥിക്കുന്നത് ' യഥാർഥ സിനി മ' യിലേക്കുള്ള , സത്യസന്ധമായ ഒരു യാത്രയെ ആണ്. ബാഹ്യത്തിൽ നിന്നും തെരഞ്ഞെടുക്കുന്ന സംവേദനത്തെയാണ്. അതിലൂടെ ആന്തരിക തലങ്ങളിലേക്കുള്ള പ്രവേശനമാണ്. ഓരോ സിനിമയ്ക്കും വ്യത്യസ്തമായ ദൃശ്യഭാഷയുണ്ട്. അതൊരു കണ്ടുപിടുത്തമാണ്. ഡിസ്കവറി അല്ല; ഇൻവെൻഷൻ ആണ്. ' യഥാർഥ സിനിമ' സാംസ്കാരികവും കലാപരവും മനുഷ്യ ചരിത്രത്തിൽ കൂട്ടിച്ചേർക്കുന്ന പ്രതിഭയും പ്രകാശനവുമാണ് .ഇവിടെ അഭിനയങ്ങളില്ല. നാട്യം , നൃത്യം , നൃത്തം എന്നിങ്ങനെയുള്ള ത്രൗരിത്രയവുമില്ല. പൂർണ്ണമായ ഇഴുകിച്ചേരലും


പൊന്തൻമാട ( 1995)

ഇടപെടലുമാണ്. ' നാടകസിനിമ' യിൽ നിന്ന് വ്യത്യസ്തമായ ' യഥാർഥ സിനിമ' യുടെ സർഗ്ഗ ലോകമാണത്. ഈ ചലച്ചിത്ര ധാരയെ സമൂഹത്തിന് പരിചയപ്പെടുത്തുന്ന വേദിയാണ് ഫിലിം സൊസൈറ്റികളും രാജ്യാന്തര ഫിലിം ഫെസ്റ്റിവലുകളും.




# നോട്ട് ബുക്ക്



വിനോദ് കുമാർ. പി.
(ട്രഷറർ, ഫിൽക്ക)

Nicholas Sparks ന്റെ നോവലിനെ ആസ്പദമാക്കി അതേ പേരിൽ തന്നെ സംവിധായകൻ Nick Cassavetes ഒരുക്കിയ മനോഹരമായ ഒരു പ്രണയചലച്ചിത്രമാണ് നോട്ട്ബുക്ക് (2004).




നിലവിലെ കാലഘട്ടത്തിൽ ഒരു നഴ്സിംഗ് ഹോമിൽ വച്ച് പ്രായമായ ഒരാൾ ഡിമെൻഷ്യ ബാധിച്ച ഒരു സ്ത്രീയ്ക്ക് നോട്ട്ബുക്കിലെ ഒരു പ്രണയകഥ വായിച്ചു കൊടുക്കുന്നതാണ് ഈ സിനിമയുടെ പ്രമേയം.

1940 ൽ കുടുംബത്തോടൊപ്പം വേനലവധി ആഘോഷിക്കാൻ South carolina യിലെ seabrook island ൽ എത്തിയതാണ് അല്ലി ഹാമിൽട്ടൻ . അവിടെ വച്ചാണ് അല്ലി നോഹയെ കാണുന്നതും പരിചയപ്പെടുന്നതും.വൈകാതെ തന്നെ നോഹയും അല്ലിയും തമ്മിൽ പ്രണയത്തിലാകുന്നു. ആ അവധികാലം അവർ പ്രണയിച്ചു തീർക്കുന്നു. എന്നാൽ വെറുമൊരു സാധാരണകാരനെ മകൾ പ്രണയിക്കുന്നതിൽ അല്ലിയുടെ സമ്പന്നരായ മാതാപിതാക്കൾ ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുന്നു. ഇത് കാരണം അല്ലിയ്ക്കും നോഹയ്ക്കും പിരിയേണ്ട സാഹചര്യം ഉണ്ടാകുന്നു.

വർഷങ്ങൾക്ക് ശേഷം അല്ലിയും നോഹയും വീണ്ടും കണ്ടുമുട്ടുന്നു. ദീർഘനാളത്തെ ഇടവേളക്കു ശേഷം വ്യത്യസ്ത ചുറ്റുപാടുകളിൽ ജീവിക്കുന്ന അവർ തമ്മിൽ കണ്ടുമുട്ടുമ്പോൾ പഴയ പ്രണയം പുനർജനിക്കുന്നു. തുടർന്നുള്ള അവരുടെ ജീവിതം പുതിയ കാലത്തെ കൂടി ഇഴചേർത്ത് വളരെ ഹൃദയസ്പർശിയായി തന്നെ സംവിധായകൻ അവതരിപ്പിച്ചിരിക്കുന്നു.


ഹോളിവുഡിലെ എക്കാലത്തെയും മികച്ച പ്രണയ ചിത്രമായ നോട്ട്ബുക്ക് നിരവധി ബഹുമതികൾ കരസ്ഥമാക്കിയിട്ടുണ്ട് ●



# കസാവെറ്റ്സ്



ഗിരിജ സുരേന്ദ്രൻ
അഭിനേത്രി & വൈസ് പ്രസിഡന്റ്,
ഫിൽക്ക)



കസാവെറ്റ്സ്, ഗ്രീക്ക്-അമേരിക്കൻ നടനും ചലച്ചിത്രസംവിധായകനുമായ ജോൺ കാസവെറ്റസിന്റെയും, നടി ജെന റോളണ്ട്സിന്റെയും, മകനായി ന്യൂ യോർക്ക് നഗരത്തിലാണ് ജനിച്ചത്. കുട്ടിക്കാലത്ത്, തന്റെ പിതാവിന്റെ 'ഹസ്ബൻഡ്സ് ' (1970) എന്ന സിനിമയിൽ അദ്ദേഹം അഭിനയിച്ചു. .എന്നാൽ തന്റെ യൗവന ത്തിന്റെ ഭൂരി ഭാഗവും സിനി മാ വ്യവസായത്തിന്റെ ലോകത്തായിരുന്നു.



ശേഷം, ഈ ഫീൽഡിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ലെന്ന് കാസവെറ്റ്സ് ആദ്യം തീരുമാനിച്ചു. പകരം ബാസ്ക്കറ്റ് ബോൾ സ്കോളർഷിപ്പിൽ സിറാക്കൂസ് യൂണിവേഴ്സിറ്റിയിൽ ചേർന്നു, എന്നാൽ ഒരു പരിക്ക് പറ്റിയതിനാൽ തന്റെ അത് ലറ്റിക് ജീവിതം അവസാനിപ്പിച്ചു . തന്റെ അഭിലാഷങ്ങളെക്കുറിച്ച് പുനർവിചിന്തനം ചെയ്തു . ഒടുവിൽ തന്റെ മാതാപിതാക്കൾ പൂർവ്വകാലം ചെലവഴിച്ച, ന്യൂയോർക്കിലെ അമേരിക്കൻ അക്കാദമി ഓഫ് ഡ്രമാറ്റിക് ആർട്സിൽ ചേരാൻ തീരുമാനിച്ചു.

ഫേസ്/ഓഫ്, ദി വ്രെയ്ത്ത്, ലൈഫ്, ക്ലാസ് ഓഫ് 1999 കക: ദ സബ്സ്റ്റിറ്റ്യൂട്ട്, ബാക്ക്സ്ട്രീറ്റ് ഡ്രീംസ്, ദി ആസ്ട്രോനട്ട്സ് വൈഫ് എന്നീ ചിത്രങ്ങളിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. ജോൺ ക്യു, ആൽഫ ഡോഗ്, ഷീ ഈസ് സോ ലൗലി, അൺഹുക്ക് ദ സ്റ്റാർസ്, ദ നോട്ട്ബുക്ക്, മൈ സിസ്റ്റേഴ്സ് കീപ്പർ തുടങ്ങി നിരവധി ചിത്രങ്ങൾ അദ്ദേഹം സംവിധാനവും ചെയ്തിട്ടുണ്ട്.

ബ്ലോയ്ക്ക് വേണ്ടി തിരക്കഥയൊരുക്കി, 'വാട്ട് ഗോസ് എറൗണ്ട്... കംസ് എറൗണ്ട്' എന്ന ജസ്റ്റിൻ ടിംബർലെക്ക് മ്യൂസിക് വീഡിയോയ്ക്ക് സംഭാഷണം എഴുതി. ഗെയിം ഷോ നെറ്റ് വർക്കിന്റെ ഹൈ സ്റ്റേക്ക്സ് പോക്കറിന്റെ സീസൺ 5-ലും അദ്ദേഹം പ്ര ത്യക്ഷപ്പെട്ടു. എച്ച്ബിഒ യിലെ എൻട്യൂറേജിന്റെ സീസൺ 7 ഓപ്പണറിലും, ടാറ്റൂ ജോയും ദി ഹാംഗ്ഓവർ: പാർട്ട് II ലെ അതിഥിതാരമായും അദ്ദേഹം അഭിനയിച്ചു . അദ്ദേഹത്തിന്റെ മകൾ സാഷ ഹൃദയ വൈകല്യത്തോടെ ജനിച്ച പ്പോൾ, ശസ്ത്രക്രിയയ്ക്ക് വിധേയയായി; കാസവെറ്റസിന്റെ ചലച്ചിത്രം – 'ജോൺ ക്യു', സാഷയ്ക്ക് സമർപ്പിക്കപ്പെട്ടതാണ്. പിന്നീട് അദ്ദേഹത്തിന്റെ 'മൈ സിസ്റ്റേഴ്സ് കീപ്പർ' എന്ന കൃതി സാഷയുടെ മെഡിക്കൽ അനുഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.
റേച്ചൽ മക്ആഡംസ് അവതരിപ്പിച്ച,

ആലി ഹാമിൽട്ടണിന്റെ കഥാപാത്ര വും, ഉറ്റസുഹൃത്തുമായ സാറ എന്ന, നോട്ട്ബുക്കിലെ ഒരു ചെറിയ വേഷം ഉൾപ്പെടെ അദ്ദേഹത്തിന്റെ നിരവധി സിനിമകളിൽ പ്രത്യക്ഷപ്പെട്ട ഹീതർ 'ക്വീനി' വാൽക്വിസ്റ്റുമായാണ് കാസവെറ്റിന്റെ രണ്ടാം വിവാഹം.കാസവെറ്റസിന്റെ അമ്മ, ജെന റോളണ്ട്സ്, പ്രായമേറിയ, വിവാഹിതയായ അല്ലി (ഹാമിൽട്ടൺ) കാൽഹൗണായി പ്രത്യക്ഷപ്പെട്ടിരുന്നു.

നിരവധി സിനിമകൾ അദ്ദേഹം അഭിന യിക്കുകയും തിരക്കഥ എഴുതുകയും സംവിധാനം ചെയ്യുകയും ചയ്തിട്ടുണ്ട്.





**ഫിലിമോഗ്രഫി**

1996 – നക്ഷത്രങ്ങളെ അൺഹുക്ക് ചെയ്യുക
1997 – അവൾ വളരെ സുന്ദരിയാണ്
2002 – ജോൺ ക്യൂ
2004 – നോട്ട് ബുക്ക്
2006 – ആൽഫ ഡോഗ്
2009 – എന്റെ സഹോദരിയുടെ സൂക്ഷിപ്പുകാരൻ
2012 – മഞ്ഞ
2014 – ദി അദർ വുമൺ
2023 – ദൈവം ഒരു ബുള്ളറ്റാണ്



# എവേ ഫ്രം ഹെർ



ജിജോ ജേക്കബ്
(ഫിൽക്ക)




2006 - ൽ പുറത്തിറങ്ങിയ ഈ സിനിമ, നോബേൽ പ്രൈസ് ജേതാവും കനേഡിയൻ സാഹിത്യകാരിയുമായ ആലിസ് മൺറോ യുടെ 'ബിയർ കേം ഓവർ ദി മൗണ്ടൻ 'എന്ന ചെറു കഥയെ ആസ്പദമാക്കിഉള്ളതാണ്. 'അവളിൽ നിന്ന് എനിക്ക് അകലാൻ പറ്റില്ല' - ഗ്രാൻഡ് എന്ന 70 വയസ്സുള്ള വൃദ്ധൻ ക്രിസ്റ്റി എന്ന നഴ്സിനോട് പറഞ്ഞു: ' ഞാൻ ഏറ്റവും കൂടുതൽ സ്നേഹിക്കുന്ന ഭാര്യക്ക് അൽഷി മേഴ്സ് പിടികൂടിയിരിക്കുന്നു. മറവിരോഗ ത്തെ കുറിച്ചുള്ള പ്രമേയമാണ് ' എവേ ഫ്രം ഹെർ' എന്ന സിനിമ . മാനസികാഘാതം , വ്യക്തിത്വം , സ്ത്രീകളുടെ അനുഭവങ്ങൾ എന്നിവയാണ് സാറ എടുക്കുന്ന സിനിമകളുടെ മുഖ്യപ്രമേയം. സംവിധാനം - സാറ പോളി.



പൊതുവേ പുരുഷന്മാരാണ് സ്ത്രീകളോട് വിവാഹ അഭ്യർത്ഥന നടത്തുന്നത്. അതിന് വിപരീതമായി , ശിഷ്യ, ഫിയോണയിൽ നിന്ന് ഒരു വിവാഹ അഭ്യർത്ഥന മിത്തോളജി അധ്യാപകന് കിട്ടുന്നു. ' നമ്മൾ വിവാഹം കഴിച്ചാൽ നല്ലതല്ലേ ? ' എന്ന ചോദ്യം ആ ശിഷ്യയെ , ഫിയോണയെ, കൂ ഗ്രാന്റിന്റെ ജീവിത പങ്കാളിയാക്കുന്നു .

ഭക്ഷണ രീതിയും വിനോദവുമൊക്കെ അവർ ഒരുമിച്ചാണ് . പരസ്പരം അറിയുവാനും ജീവിതമാകുന്ന യാത്രയിലെ അനുഭവങ്ങൾ പങ്ക് വെയ്ക്കാനും അവർക്ക് ഉത്സാഹ മായിരുന്നു. പക്ഷേ ജീവിതത്തിലെ അസ്ഥിരത ഒരു സത്യമാണ്. അതിനെ അംഗീകരിക്കാതിരുന്നാൽ ആരും ഭ്രാന്തൻ അവസ്ഥകളിലേക്ക് എത്തിപ്പെട്ടേക്കാം.



കാനഡയിൽ ഉള്ള തന്റെ മുത്തച്ഛന്റെ കോട്ടേജിലാണ് ഗ്രാൻഡും ഫിയോണയും താമസിക്കുന്നത്. ആ കോട്ടേജിലെ അടുക്കും ചിട്ടയും കാൽ തന്നെ അവിടെ ജീവിക്കുന്നവ രുടെ മനസ്സിലേക്ക് എത്തുവാൻ സാധിക്കുന്നു. പൂക്കൾ വളരെ ഭംഗിയായി അടുക്കുവാൻ ഇഷ്ടമാണ് ഫിയോണയ്ക്ക്.



45 വർഷത്തോളം നീണ്ടുനിന്ന ദാമ്പത്യത്തെ യും മരണംവരെ ഒരുമിച്ച് കഴിയാനുള്ള ആഗ്രഹങ്ങളെയും തകർത്തുകൊണ്ട് അൽഷി മേഴ്സിന്റെ ലക്ഷണങ്ങൾ ഫിയോണയിൽ പ്രകടമാകുന്നു.

മഞ്ഞ നിറം നോക്കി കഴിയുമ്പോൾ അവൾ എല്ലാം മറന്നുപോകുന്നു . മറവിരോഗത്തി ന്റെ തുടക്കം. അവർ അൽഷിമേഴ്സിനെ എങ്ങനെ അതിജീവിക്കാം എന്ന് പഠിക്കുന്നു ണ്ട്. അപ്രാക്സിയ എന്നത് അൽഷിമേഴ്സിന്റെ തുടക്കത്തിലുള്ള ഒരു ഘട്ടമാണ്. അൽഷി മേഴ്സ് രോഗിയെ പരിചരിക്കുന്ന ആൾ ഈ വിഷമങ്ങളെല്ലാം സഹിച്ചു പുഞ്ചിരി കൊണ്ട് ഈ രോഗത്തെ നേരിടണമെന്ന് ഫിയോണ ഓർമ്മിപ്പിക്കുന്നു.

ഇത്തരം രോഗികളെ ശുശ്രൂഷിക്കുന്ന മെഡോലേക്ക് എന്ന ഓൾഡേജ് ഹോമിൽ അവളെ വിടുവാൻ ഗ്രാൻഡ് നിർബന്ധിത നാകുന്നു. അൽഷിമേഴ്സ് രോഗികൾ തന്റെ നീണ്ട കാലത്തുള്ള ഓർമ്മകൾ മറക്കു കയും പുതിയ സൗഹൃദങ്ങൾ ഉണ്ടാക്കുകയും ചെയ്യാറുണ്ട്. ഫിയോണ ഓറി എന്ന ആളു മായി സൗഹൃദത്തിൽ ആകുന്നുണ്ട് . ഇത് ഗ്രാന്റിനെ അസ്വസ്ഥനാക്കുന്നുണ്ട്.

നീൽ യങ്ങിന്റെ ഹാർവെസ്റ്റ് മൂൺ എന്ന ഗാനം പ്രധാന സന്ദർഭങ്ങൾക്ക് ചാരുത ഏകുന്നു. ലെറ്റേഴ്സ് ഫ്രം ഐസ്ലാൻഡ് എന്ന പുസ്തകം കാണുമ്പോൾ താൻ ഐസ്ലാൻഡിൽ ആണെന്നുള്ള കാര്യം . എല്ലാം കുഴപ്പിക്കുന്ന ഒരു അവസ്ഥ. എല്ലാത്തിനും ഒരു അന്ത്യം ഉണ്ട്. ഓർമ്മ കൾക്കും ജീവിതത്തിനും. ഓർമ്മകൾക്കുള്ള മരണം നമ്മുടെ മരണം കൂടിയാണ്. ഓർമ്മക്കുറവിന്റെ അവസാന ഘട്ടത്തിലും ജീവിതത്തിൽ തന്നെ നന്നായി നോക്കിയ ഗ്രാന്റിനെ അവൾ ഓർക്കുന്നത് അവനെ ഞെട്ടിക്കുന്നുമുണ്ട്.

ഫിയോണ ആഹാരം കഴിക്കുന്നതും നടപ്പും കുറയ്ക്കുന്നു . രോഗം മൂർച്ഛിച്ച ഫിയോണയെ രാം നിലയിലേക്ക് മാറ്റുന്നു. ലെറ്റേഴ്സ് ഫ്രം ഐസ്ലാൻഡ് എന്ന പുസ്തകം ഫിയോണ ഓർക്കുന്നില്ല. ഗ്രാന്റിന്റെ ഓർമ്മകളിലുള്ള 18 വയസ്സുള്ള ഫിയോണ ...അവന്റെ ഓർമ്മകളിൽ നിന്ന് അവൾ അകലുകയായിരുന്നു ...



# സാറ പോളി



ജ്യോതിഷ് കുമാർ
(ജോയിന്റ് സെക്രട്ടറി, ഫിൽക്ക)



പ്രശസ്ത കനേഡിയൻ ചലച്ചിത്ര നിർമ്മാതാവും എഴുത്തുകാരിയും രാഷ്ട്രീയ പ്രവർത്തകയും നടിയുമാണ് സാറാ എല്ലെൻ പോളി.

എവേ ഫ്രം ഹെർ (2006) എന്ന ചിത്രത്തിലൂടെ പോളി തന്റെ ആദ്യ ഫീച്ചർ ഫിലിം ഡയറക്ടറായി അരങ്ങേറ്റം കുറിച്ചു. ആ ചിത്രത്തിലൂടെ മികച്ച സംവിധായികയ്ക്കുള്ള കനേഡിയൻ സ്ക്രീൻ അവാർഡ് നേടുകയും മികച്ച അവലംബിത തിരക്കഥയ്ക്കുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യുകയും ചെയ്തു.

അവരുടെ രണ്ടാമത്തെ ചിത്രം, ടേക്ക് ദിസ് വാൾട്ട്സ്, 2011 ടൊറൻ്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രീമിയർ ചെയ്തു. തുടർന്ന് 2012 ൽ അവരുടെ ആദ്യത്തെ ഡോക്യുമെന്ററി ചിത്രമായ സ്റ്റോറീസ് വി ടെൽ ഇറങ്ങി. മാർഗരറ്റ് അറ്റ്‌വുഡിന്റെ 1996-ലെ അതേ പേരിലുള്ള നോവലിനെ അടിസ്ഥാനമാക്കി, ഏലിയാസ് ഗ്രേസ് എന്ന ചെറു പരമ്പരയും അവർ എഴുതി. 2022-ൽ, വിമൻ ടോക്കിംഗ് എന്ന 2018 ലെ നോവലിനെ അടിസ്ഥാനമാക്കി അതേ പേരിലുള്ള സിനിമ എഴുതി സംവിധാനം ചെയ്തു.

അവരുടെ അമ്മ ഡയാൻ എലിസബത്ത് പോളി ഒരു അഭിനേത്രിയും കാസ്റ്റിംഗ് ഡയറക്ടറുമായിരുന്നു. വൺ മാജിക് ക്രിസ്മസ് എന്ന ചിത്രത്തിലെ മോളിയായി തന്റെ നാലാം വയസ്സിലാണ് അവൾ ആദ്യമായി സ്ക്രീനിൽ പ്രത്യക്ഷപ്പെട്ടത്.


13 വെള്ളിയാഴ്ച - ദി സീരീസ് എന്ന പൈലറ്റ് എപ്പിസോഡിൽ അവൾ ഉണ്ടായിരുന്നു. കൂടാതെ 1987-ൽ വില്യം ഫ്രൂട്ടിന്റെ സയൻസ് ഫിക്ഷൻ ഹൊറർ ചിത്രമായ ബ്ലൂ മങ്കിയിൽ ഒരു ചെറിയ വേഷത്തിൽ പ്രത്യക്ഷപ്പെട്ടു.

എട്ടാമത്തെ വയസ്സിൽ, റമോണ എന്ന ടെലിവിഷൻ പരമ്പരയിൽ റമോണ ക്വിമ്പിയായി അഭിനയിച്ചു. ബെവർലി ക്ലിയറിയുടെ പുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ള റമോണ എന്ന ടെലിവിഷൻ പരമ്പരയിലെ റമോണ ക്വിമ്പി എന്ന കഥാപാത്രത്തിന് ബാലതാരമെന്ന നിലയിൽ അവർ ശ്രദ്ധ നേടി.1990-ൽ ജനപ്രിയ സിബിസി ടെലിവിഷൻ പരമ്പരയായ റോഡ് ടു അവോൺലിയയിൽ സാറാ പോളി പൊതുജന ശ്രദ്ധയിൽ ഇടംപിടിച്ചു. ഈ പരമ്പര അവളെ പ്രശസ്തയും സാമ്പത്തികമായി സ്വതന്ത്രവുമാക്കി.

ജനപ്രിയ പത്രങ്ങൾ അവരെ 'കാനഡയുടെ സ്വീറ്റ്ഹാർട്ട്' എന്ന് വാഴ്ത്തി. 1994-ൽ സ്ട്രാറ്റ് ഫോർഡ് ഫെസ്റ്റിവലിൽ ലൂയിസ് കരോളിന്റെ അതേ പേരിലുള്ള പുസ്തകത്തിന്റെ അഡാപ്റ്റേഷനായ ആലീസ് ഇൻ ആലീസ് ത്രൂ ദി ലുക്കിംഗ് ഗ്ലാസ് എന്ന നാടകത്തിലൂടെ പോളി തന്റെ നാടക അരങ്ങേറ്റം നടത്തി. 1999-ൽ, ഓൺ ദി ഫ്ലൈ 4 ഫിലിം ഫെസ്റ്റിവലിനായി പോളി തന്റെ ആദ്യ ഹ്രസ്വ ചിത്രം, ദി ബെസ്റ്റ് ഡേ ഓഫ് മൈ ലൈഫ്, നിർമ്മിച്ചു.



ആ വർഷം തന്നെ അവൾ രണ്ടാമതൊരു ഹ്രസ്വചിത്രവും –; Don't Think Twice ചെയ്തു. 2001-ൽ കനേഡിയൻ ഫിലിം സംവിധാന പരിപാടിയിൽ പങ്കെടുത്ത പോളി, ഐ ഷൗട്ട് ലവ് എന്ന ഹ്രസ്വചിത്രത്തിന് 2003-ൽ മികച്ച ലൈവ് ആക്ഷൻ ഷോർട്ട് ഡ്രാമയ്ക്കുള്ള ജീനി അവാർഡ് നേടി. ആലീസ് മൺറോയുടെ ചെറുകഥയായ ദ ബിയർ കേം ഓവർ ദി മൗണ്ടൻ ൽ നിന്ന് പോളി സ്വീകരിച്ച എവേ ഫ്രം ഹെർ എന്ന ചിത്രത്തിലൂടെയാണ് അവർ തന്റെ ഫീച്ചർ-ലെംഗ്ത്ത് ഫിലിം സംവിധാനത്തിൽ അരങ്ങേറ്റം കുറിച്ചത്. ജൂലി ക്രിസ്റ്റി അഭിനയിച്ച സിനിമ 2006 സെപ്റ്റംബർ 11-ന് ടൊറന്റോ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ ഗാല ഷോ കേസിന്റെ ഭാഗമായി അരങ്ങേറി. 750,000 ഡോളറിന് എവേ ഫ്രം ഹെർ യുഎസിൽ റിലീസിനായി ലയൺസ്ഗേറ്റ് ഏറ്റെടുത്തു. മികച്ച അവലംബിത തിരക്കഥയ്ക്കുള്ള 2007-ലെ അക്കാദമി അവാർഡ് നോമിനേഷനും ഇത് നേടിക്കൊടുത്തു.



കൂടാതെ സംവിധാനത്തിലെ മികച്ച നേട്ടത്തിനുള്ള ജീനി അവാർഡും നേടി. 2008-ലെ ജീനീസിൽ, ആദ്യ ഫീച്ചർ ഫിലിം നേട്ടത്തെ അംഗീകരിക്കുന്ന ക്ലോഡ് ജുത്ര അവാർഡും അവർക്ക് ലഭിച്ചു.ഒരു ബാലതാരമെന്ന നിലയിൽ തന്റെ അനുഭവങ്ങളെക്കുറിച്ച് പോളി വർഷങ്ങളായി നിരവധി ഉപന്യാസങ്ങൾ എഴുതിയിട്ടുണ്ട്.

2022-ൽ, തന്റെ ആദ്യ പുസ്തകം, ആത്മകഥാപരമായ റൺ ടുവേർഡ് ദ ഡെഞ്ചർ പുറത്തിറക്കി. അതിൽ സ്റ്റേജ്, സ്ക്രീൻ, സിനിമ എന്നിവയിലെ പോളിയുടെ കരിയറിന്റെ വശങ്ങൾ പരിശോധിക്കുന്ന ആറ് ഉപന്യാസങ്ങൾ ഉൾക്കൊള്ളുന്നു.

# ദി ഫാദർ



അഡ്വ. ബിന്ദു. ആർ
(സത്യജിത്ത് റായ് ഫിലിം സൊസൈറ്റി)




സിനിമയുടെ തുടക്കത്തിൽ ആന്റണി യോടും ആൻനോടുമൊപ്പം സംഭാഷണങ്ങളിലൂടെ സഞ്ചരിച്ചു തുടങ്ങുന്ന പ്രേക്ഷകർ അൽപ സമയം കൊണ്ട് ആന്റണി അനുഭവിക്കുന്ന മതിഭ്രമത്തിലേക്ക് വീഴുന്നു.

ഓർമ നഷ്ടപ്പെടുന്നതിന്റെയും ഒറ്റപ്പെടലിന്റെ യും ഭ്രമാത്മകതയിൽ പെട്ടുഴലുന്ന ആന്റണി തന്റെ മൂത്ത മകളുടെ സംരക്ഷണയിൽ കഴിഞ്ഞു വരികയാണ്. മകളും മരുമകനും തമ്മിൽ വേർപിരിഞ്ഞു എന്നും അവൾ മറ്റൊ രാളുമായി പ്രണയത്തിലായി അയാളോടൊപ്പം ജീവിക്കാൻ പരീസിലേക്ക് പോകുന്നുവെന്നും പറഞ്ഞത് അയാൾക്ക് ഓർമയുണ്ട്. അവളുടെ മുൻ ഭർത്താവിനെയും.

പാരീസിലേക്ക് പോകുന്നതിനു മുൻപ് ആൻ അച്ഛനെ നോക്കാനായി ഒരു നഴ്സിനെ നിയമിക്കാൻ ശ്രമിക്കുന്നു. എന്നാൽ ആന്റണി തന്റെ വർദ്ധക്യവും ആരോഗ്യവും അംഗീകരി ക്കാൻ തയ്യാറാവുന്നില്ല. താമസിക്കുന്ന ഫ്ലാറ്റ് തന്റെ മകളുടേതാണ് എന്ന കാര്യവും മറന്നു . തന്റെ സ്വന്തം ഫ്ലാറ്റ് എന്ന ചിന്തയുമായി അയാൾ താദാത്മ്യം പ്രാപിക്കുന്നു.അവിടെ നിന്ന് മറ്റെങ്ങോട്ടേക്കും മാറാൻ അയാൾ തയ്യാറാവുന്നില്ല.

വരുന്ന നഴ്സിനെ ഓരോരോ കാരണം പറഞ്ഞു ഒഴിവാക്കുന്നത് ആന്റണിക്ക് ഒടുവിൽ മറ്റൊരു നഴ്സിന് തന്റെ ഇളയ മകളുടെ ഛായ ഉന്നൊു തോന്നുകയും അവളെ ഇഷ്ടപ്പെടാൻ തുടങ്ങുകയും ചെയ്യുന്നു. തന്റെ മകൾ ലൂസിയുടെ ഛായ ഉള്ള നഴ്സിനോട് ആന്റണി ലൂസിയെ ക്കുറിച്ച് വാചാലനാകുന്നു. പഴയ കാര്യങ്ങൾ തീർത്തും മറന്നിട്ടില്ല. ചിത്ര കാരിയായ അവൾ ഒരിക്കൽ തന്നെകാണാൻ വന്നതും സന്തോഷം കൊണ്ട് താൻ അവളെ ആലിംഗനം ചെയ്തതുമെല്ലാം ഉത്സാഹത്തോടെ പറയുകയാണ് ആന്റണി. പെട്ടെന്ന് നേഴ്സ് ലാറ ലൂസ്യുടെ ആക്സിഡന്റ്ന്റെ കാര്യം ആനിൽ നിന്ന് അറിഞ്ഞു എന്ന് പറഞ്ഞു പോകുന്നു. പറഞ്ഞത് മുഴുമിച്ചില്ലെങ്കിലും ആന്റണിക്ക് അതൊരു ഷോക്ക് ആയി.

അന്ന് രാത്രി ലൂസിയെ സ്വപ്നം കണ്ടുണരുന്ന ആന്റണി പിറ്റേന്ന് രാവിലെ തന്നെ ലാറയോട് നീ ആരാണെന്ന് ചോദിക്കുന്നു. അപ്പോഴാണ് അയാളോടൊപ്പം നമ്മളും മനസ്സിലാക്കുന്നത് ആൻ 6 മാസമായി പരീസിലേക്ക് താമസം മാറിയിട്ട് എന്നും അന്ന് മുതൽ ലാറയാണ് Problems പരിചരിക്കുന്നതെന്നും.



November Film Festival

ഫിലിം വിഷൻ

Digital Magazine Published by Filca Film Society





അയാൾ അത് വരെയുണ്ടായിരുന്ന ഭ്രമത്തിൽ നിന്ന് മോചിതനായി. ഒപ്പം പ്രേക്ഷകരും.പക്ഷെ ആ യാഥാർഥ്യം ആന്റണിക്ക് വലിയ വേദന യാണ്.ആന്റണി ലാറയുടെ നെഞ്ചിൽ തല ചേർത്ത് ഒരു കൊച്ചുകുട്ടിയെ പോലെ കര യുന്നു.

oooo

തനിക്കും തനിക്കു ചുറ്റും എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്നു മനസ്സിലാക്കാൻ കഴി യാതെ നിസ്സഹായനായി അയാൾ അമ്മയെ കാ ണണമെന്ന് പറഞ്ഞാണ് കരയുന്നത്. ലാറ ഒരു അമ്മയെ പോലെ അയാളെ ആശ്വസിപ്പിക്കുന്നു. ദ് ഫാദർ എന്ന സിനിമ സാധാരണ സിനിമ കളിലെ പോലെ പ്രേക്ഷകരെ പുറത്തു നിർത്തി വിവരിക്കുകയല്ല, മറിച്ച് പ്രേക്ഷകനെ കൂടി ഒപ്പം കൊണ്ടുപോകുകയാണ്. വാർദ്ധക്യം, അൽ ഷിമേഴ്സ് എല്ലാം കൂടിയുള്ള അവസ്ഥ യും ഒപ്പം ഒറ്റപ്പെടലും. പ്രായവും രോഗ വും കൊണ്ട് കഷ്ടപ്പെടുന്ന തന്റെ പിതാവിനെ ഒറ്റക്കാക്കി പോകാനും വയ്യ . ഒരിക്കൽ നഷ്ടപെട്ട ജീവിതം മാടിവിളിക്കുമ്പോൾ പോകാതിരിക്കാനും വയ്യ എന്ന അവസ്ഥയിൽ ഒരു മകളുടെ മാനസിക സംഘർഷം കൂടി നന്നായി അവതരിപ്പിച്ചിരിക്കുന്നു.

ഒരു ഘട്ടത്തിൽ അച്ഛനെ കൊന്നുകളഞ്ഞാലോ എന്ന് വരെ ചിന്തിക്കുന്ന മകളുടെ മാനസികാ വസ്ഥ.ആന്റണി ഹോപ്കിൻസ് , വൃദ്ധപിതാവ് ആന്റണി ആയും ഒലിവിയ കോൾമാൻ, മകൾ ആൻ ആയും മികച്ച അഭിനയം കാഴ്ച വെച്ച സിനിമയാണ് ദ ഫാദർ (2020).സംവിധാനം - ഫ്ളോറിയൻ സെല്ലർ



# ഫ്ലോറിയൻ സെല്ലർ



അഡ്വ. അനഘ



നോവലിസ്റ്റ്, നാടകകൃത്ത്, നാടക സംവിധായകൻ, തിരക്കഥാകൃത്ത്, സിനിമ സംവിധായകൻ എന്നി നിലകളിൽ തന്റെ കഴിവ് തെളിയിച്ച പ്രതിഭ. 1979 ജൂൺ 28 ൽ ഫ്രാൻസിൽ ജനിച്ചു .

ഒരു ഡസനിലധികം നാടകങ്ങൾ അദ്ദേഹം രചിക്കുകയും, അവ ലോകമെമ്പാടും പ്രദർ ശിപ്പിക്കപ്പെടുകയും അക്കാലത്തെ പ്രശസ്ത രായ നാടകകൃത്തുക്കളിൽ ഒരാളായി മാറു കയും ചെയ്തു.

2020 – ൽ ഫ്ലോറിയൻ സെല്ലർ തന്റെ ആദ്യ സിനിമ ആയ 'ദി ഫാദർ 'രചന നിർവഹിക്കുക യും സംവിധാനം ചെയ്യുകയും ചെയ്തു. ഈ നാടകത്തെ അടിസ്ഥാനമാക്കിയാണ് അദ്ദേഹം ഈ സിനിമ ആവിഷ്കരിച്ചത്.

ആന്റണി ഹോപ്കിൻസും ഒലിവിയ കോൾമാൻ എന്നിവർ അഭിനയിച്ച ഈ ചിത്രം ലോകമെമ്പാടുമുള്ള 200-:ൽ അധികം നാമ നിർദ്ദേശങ്ങളും അവാർഡുകളും നേടി. 93-മത് അക്കാദമി അവാർഡിൽ രണ്ട് ഓസ്കാർ ഉൾപ്പെടെ 2020 കളിലെ മികച്ച ചിത്രങ്ങളിൽ ഒന്നായി ' ദി ഫാദർ ' മാറി.21- )o നൂറ്റാണ്ടിലെ മികച്ച ചലച്ചിത്രങ്ങളിൽ ഒന്നായി ഇതു വിലയിരുത്തപ്പെടുന്നു.

2023-ൽ ഫ്രാൻസിന്റെ ലീജൺ ഓഫ് ഹോണർ അദ്ദേഹത്തിന് ലഭിച്ചു. 22-മത്തെ വയസിലാണ് സെല്ലർ തന്റെ ആദ്യ നോവലാ യ 'Artificial Snow' എഴുതിയത്. അദ്ദേഹത്തിന്റെ 3-മത്തെ നോവലായ 'The Facination of Evil' ആണ് അദ്ദേഹത്തെ ഫ്രാൻസിൽ പ്രശസ്തനാക്കിയത്. ഇത് പ്രിക്സ് ഗോൺകോർട്ട് അവാർഡിനായി തെരെഞ്ഞെടുത്തു.

അദ്ദേഹത്തിന്റെ ഹാസ്യ നാടകം ആയ 'ദി ട്രൂത് ' 2017 ജൂണിൽ വെസ്റ്റ് ഐലണ്ടിൽ പ്രദർശിപ്പിക്കപ്പെട്ടു. ഈ നാടകം മികച്ച കോമഡിക്കുള്ള ഒലിവിയൻ അവാർഡ് നാമ നിർദ്ദേശം നേടി.

ജോനാഥൻ പ്രൈസ്, ഐലിൻ അറ്റ്കിൻസ് എന്നിവർ അഭിനയിച്ച 'The Height of the storm ' എന്ന നാടകം 2018 സെപ്റ്റംബറിൽ ലണ്ടനിലെ വെസ്റ്റ് ഐലണ്ടിലും 2019 സെപ്റ്റംബറിൽ ന്യൂ യോർക്കിലെ ബ്രോഡ്വെയിലും പ്രദർശിപ്പിച്ചു. ഇതിനെ 2018-ലെ 'മികച്ച നാടകങ്ങൾ ' എന്നും 21- മാം നൂറ്റാണ്ടിലെ മികച്ച നാടകങ്ങളിൽ





ഒന്നായും 'The Guardian 'വിലയിരുത്തി. ഇസബെൽ ഹൂപ്പർ അഭിനയിച്ച 'The Mother ' എന്ന അദ്ദേഹത്തിന്റെ നാടകം 2019 – ൽ ന്യൂയോർക്കിൽ പ്രദർശിപ്പിക്കപ്പെട്ടു.

The Son ' 2019 -ൽ പ്രദർശിപ്പിക്കുകയും സെപ്റ്റംബറിൽ വെസ്റ്റ് ഐലണ്ടിലേക്ക് മാറ്റുകയും ചെയ്തു. ഇതിനു വളരെ അധികം പ്രേക്ഷക പ്രശംസ ലഭിച്ചു. 45- ൽ അധികം രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ നാടകങ്ങൾ പ്രദർശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഫ്ലോറിയൻ സെല്ലർ പാരിസിൽ ആണ് താമസിക്കുന്നത്. അഭിനേത്രി , ശില്പി, മുൻ മോഡൽ എന്നീ നിലകളിൽ പ്രശസ്ത ആയ Marine Delterme - നെ 2010 -ൽ വിവാഹം ചെയ്തു . Le -Manage എന്ന തന്റെ നാടകം പാരിസിൽ പ്രദർശിപ്പിച്ചപ്പോൾ അതിലെ പ്രധാന കഥാപാത്രമായിരുന്നു അവർ.

അദ്ദേഹത്തിന്റെ 'ദി ഫാദർ 'എന്ന നാടകം ലണ്ടനിലെ വെസ്റ്റ് ഐലൻഡിൽ പ്രദർശിപ്പിക്കുകയും പാരിസിലും ലണ്ടനിലും ഒട്ടേറെ അവാർഡുകളും പ്രശംസയും നേടുകയും ചെയ്തു. 'അവസാന ദശകത്തിലെ ഏറ്റവും പ്രശംസിക്കപ്പെട്ട പുതിയ നാടകം ' എന്ന വിശേഷണവും നേടി. 'ദി ഫാദർ ' ഈ നൂറ്റാണ്ടിലെ ഏറ്റവും മഹത്തായ നാടകങ്ങളിൽ ഒന്നാണെന്നു ദി ടൈംസ് ഓഫ് ഇന്ത്യ ലേഖനം എഴുതി. ●



November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC




# അമോർ (Amour)



ഷീബ. എസ്. ജെയിംസ്
ഫിൽക്ക

**സിനിമ – അമോർ /2012/127 മിനിറ്റ്.**
**സംവിധാനം – ഹനേകെ.**
**അഭിനേതാക്കൾ –**
**ജീൻ ലൂയിസ് ട്രിൻറ്റിഗ്നന്റ്,**
**ഇമ്മാനുവേൽ റിവ,**
**ഇസബെല്ലെ ഹപ്പർട്ട്,**
**അലക്സാർ താരൗഡ്.**

മൈക്കൽ ഹനേക്കിന്റെ ' അമോർ ' ദാർശനിക – മനഃശാസ്ത്ര – റൊമാന്റിക് രൂപത്തിലുള്ള ഒരു വാർദ്ധക്യ പ്രണയ കഥയാണ്. പ്രണയം, വാർദ്ധക്യം, അസുഖം, പരിചരണം മരണം ഇവയെ കുറിച്ചുള്ള നാടക രൂപത്തിലുള്ള സിനിമയാണ് ഇത്. സ്നേഹത്തിന്റെ മഹത്വത്തിലൂടെ മാത്രമേ ജീവിതം മഹത്വീകരിക്കപ്പെടുകയുള്ളൂ ' എന്ന് 'അമോർ ' ചിത്രം സാക്ഷ്യപ്പെടുത്തുന്നു.




സിനിമയുടെ കഥ നടക്കുന്നത് ഫ്രാൻസിലെ പാരിസിലാണ്. തീ പിടിത്തത്തിൽ നിന്നാണ് സിനിമയുടെ തുടക്കം. അപ്പാർട്ട്മെന്റിൽ നിന്ന് ദുർഗന്ധം വമിക്കുന്നതായി അയൽവാസികൾ പരാതിപ്പെടുന്നു. തുടർന്ന് അഗ്നി ശമന സേനാനികൾ അപ്പാർട്ട്മെന്റിന്റെ വാതിലുകൾ തകർക്കുന്നു. ഏതാനും മിനിറ്റുകളുടെ തിരച്ചിലിനൊടുവിൽ ആനിയുടെ (ഇമ്മാനുവേൽ റിവ) മൃതദേഹം കട്ടിലിൽ കിടക്കുന്നതായി കാണുന്നു. കിടക്ക പൂക്കൾ കൊണ്ട് അലങ്കരിച്ചിരുന്നു.

## ഫ്ലാഷ് ബാക്ക് .

ജോർജ്ജസും ( ജീൻ ലൂയിസ് ട്രിൻറ്റിഗ്നന്റ് ), ആനിയും ( ഇമ്മാനുവേൽ റിവ ) എൺപത് വയസ്സോളം പ്രായമുള്ള ഫ്രഞ്ച് ദമ്പതികളാണ്. വിരമിച്ച പിയാനോ അധ്യാപകരായ ഇവർ പാരീസിലെ ഒരു പോഷ് അപ്പാർട്ട്മെന്റിലാണ് താമസിക്കുന്നത്.

ആനിന്റെ മുൻ വിദ്യാർഥികളിൽ ഒരാളായ അലക്സാറിന്റെ സംഗീത കച്ചേരിയിൽ ഇവർ പങ്കെടുക്കുന്നു. അന്ന് രാത്രി വീട്ടിലെത്തുമ്പോൾ വീട് കുത്തിതുറന്ന് ആരോ കയറാൻ ശ്രമിച്ചതായി ജോർജ്ജസ് മനസ്സിലാക്കുന്നു. ലോക്ക് മോശമായി തകർന്നതിനാൽ ഒരു പ്രൊഫഷണൽ മോഷ്ടാവ് അല്ല ഇത് നടത്തിയത് എന്ന് അയാൾക്ക് ബോധ്യമായി. അതിനാൽ പോലീസിൽ പരാതിപ്പെടേണ്ട എന്ന് ആനിയുടെ സംശയത്തിന് ജോർജ്ജസ് ഉത്തരം കൊടുക്കുന്നു. അവരുടെ ജീവിതത്തിലേക്ക് മരണം പോലെ തണുത്ത അദൃശ്യമായ ഒന്ന് നുഴഞ്ഞു കയറിയിരിക്കുന്നു എന്ന് പറയാതെ പറയുന്നു സിനിമ.

അടുത്ത ദിവസം രാവിലെ അവർ ഒരുമിച്ച് പ്രഭാതഭക്ഷണം കഴിക്കുമ്പോൾ ആനി കുറച്ചു നേരം കാറ്ററ്റോണിക് ( Catatonic ) അവസ്ഥയിൽ ആയി. അത് ജോർജ്ജസിന് മനസ്സിലായപ്പോൾ ഹോസ്പിറ്റലിൽ കൊണ്ടു പോകുന്നു. എന്നാൽ ആനി ഡോക്ടറുമായി സംസാരിക്കാൻ വിസമ്മതിക്കുന്നു. ആനിയുടെ കരോട്ടിഡ് ധമനിയിൽ ഒരു തടസ്സം ഉള്ളതിനാൽ ഒരു ശസ്ത്രക്രിയ ചെയ്യേതു് എന്ന് ഡോക്ടർ അറിയിച്ചു. ശസ്ത്രക്രിയ വിജയിച്ചില്ല. കുറച്ചു മാസങ്ങൾ കഴിഞ്ഞ് ഒരു സ്ട്രോക് വന്ന് ആനിയുടെ വലതുഭാഗം ഭാഗികമായി തളർന്നു. ഒരു വീൽ ചെയറിൽ ആണ് ഇപ്പോൾ ആനി

യുടെ ചലനം. ആശുപത്രിയിലേക്കോ, നഴ്സിംഗ് ഹോമിലേക്കോ തന്നെ അയയ്ക്ക രുത്  എന്ന് ജോർജ്ജസിനെ കൊണ്ടു ആനി വാഗ്ദാനം ചെയ്യിക്കുന്നു.

ഒരു ദിവസം ജോർജ്ജസ് തന്റെ മുൻ സഹപ്ര വർത്തകന്റെ ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ പോയി. അയാളുടെ അഭാവ ത്തിൽ ആനി ഫ്ലാറ്റിലെ ജനലിൽ നിന്ന് ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നു. പക്ഷെ അവളുടെ മന്ദഗതിയിലെ ചലനം ആ ശ്രമത്തെ പരാജയപ്പെടുത്തി. ജോർജ്ജസ് മടങ്ങി വന്നപ്പോൾ ജന്നൽ ഭാഗത്തെ തറയി ൽ കിടക്കുന്ന ആനിയെ ആണ് കത്. മുന്നോട്ട് ജീവിക്കാൻ ആഗ്രഹമില്ല എന്ന ആനിയുടെ മന സ്സ് ജോർജ്ജസ് വായി ച്ചറിയുന്നു. താമസിയാതെ അടുത്ത ഒരു സ്ട്രോക്ക് കൂടി ആനി അഭിമുഖീകരിക്കുന്നു. ഇത് അവളെ കൂടുതൽ ദുർബലയാക്കുകയും, സംസാര ശേഷി ഇല്ലാതാക്കുകയും ചെയ്തു. സ്മൃതി നാ ശം സംഭവിച്ച ആനിയെ ശുശ്രൂഷിക്കാൻ ആഴ്ചയിൽ മൂന്ന് ദിവസം നഴ്സിനെ വയ്ക്കാൻ ജോർജ്ജസ്  തീരുമാനിച്ചു. മാറി മാറി രണ്ടുപേരെ പരീക്ഷിച്ചെങ്കിലും അവരുടെ ആനിനോടുള്ള പെരുമാറ്റം മോശമായതിനാൽ പിരിച്ചു വിടുകയായിരുന്നു.



അവരുടെ ഏക മകൾ, ഇവാ ( ഇസാബെല്ല ഹപ്പർട്ട് ) കുടുംബമായി മറ്റൊരു വിദേശ രാജ്യത്ത് താമസിക്കുന്നു. ഇടയ്ക്കിടെ അവൾ മാതാപിതാക്കളെ സന്ദർശിക്കാൻ എത്തും. ജോർജ്ജസ് മകളോട് ആനിയുടെ അവസ്ഥയെ പറ്റി സംസാരിക്കുന്നു. അമ്മയെ ഒരു വൃദ്ധ സദനത്തിലേക്ക് മാറ്റണമെന്ന് മകൾ പിതാവിനെ അറിയിക്കുന്നു.

പിയാനോ അധ്യാപകർ ആയിരുന്നപ്പോൾ അവർ കണ്ടു മുട്ടിയതും, അവരുടെ പ്രണയ ബന്ധത്തിന്റെ വശങ്ങൾ പിയാനോ വായനയി ലൂടെ അവലോകനം ചെയ്യുന്നതുമായ  മനോ ഹരമായ നിമിഷങ്ങളും  ചിത്രത്തിൽ വന്നു പോകുന്നുണ്ട്. പതിറ്റാണ്ടുകൾ പഴക്കമുള്ള ഫോട്ടോ ആൽബം വീണ്ടെടുക്കാൻ ഒരിക്കൽ ആനി ആവശ്യപ്പെടുന്നു. ആൽബത്തിലെ മകളുടെ സുന്ദരനിമിഷങ്ങൾ നോക്കി തന്റെ പഴയകാലം ആനി അയവിറക്കുന്നു.

ഒരു ദിവസം ജോർജ്ജസ് ഒരു കപ്പ് വെള്ളം ആനിനെ കുടിപ്പിക്കാൻ പാട് പെടുന്നു. പലവട്ടം വെള്ളം കുടിക്കാൻ വിസമ്മതിച്ചപ്പോൾ ജോർജ്ജസ് അവ ളുടെ വായിലേക്ക് വെള്ളത്തിന്റെ കപ്പ് തള്ളി കയറ്റുന്നു. അവൾ ആ വെള്ളം തുപ്പുന്നു. അയാൾ ആ സമയം ദേഷ്യത്തിൽ അവരുടെ കരണത്തടിക്കുന്നു. മുഴുവൻ സമയവും അവളെ പരിചരിക്കുന്നതിൽ ഒരു പരാതിയും പറയാത്ത ജോർജ്ജസിന്റെ പെട്ടെന്നുള്ള മാറ്റം പ്രേക്ഷകർ ഇവിടെ കാണുന്നു.

ഒരു സായാഹ്നം. ആനി കിടക്കയിൽ നിലവി ളിക്കുകയാണ്. ജോർജ്ജസ് അവളുടെ അടു ത്ത് ചെന്നിരുന്ന് തന്റെ കുട്ടിക്കാലത്തെ ഒരു കഥ പറയുന്നു. അയാളെ അമ്മ ഒരു സമ്മർ ക്യാമ്പിലേക്ക് അയച്ചതും, ദിവസേന ഒരു പോസ്റ്റ് കാർഡ് അയയ്ക്കാൻ അമ്മ ആവശ്യ പ്പെട്ടിരുന്നതും വിവരിക്കുന്നു. സന്തോഷം ഉണ്ടെങ്കിൽ കാർഡിൽ പൂക്കൾ വരയ്ക്ക ണമെന്നും അസന്തുഷ്ടനാണെങ്കിൽ നക്ഷത്രങ്ങൾ വരയ്ക്കണമെന്നും ആവശ്യ പ്പെട്ടിരുന്നു. ഒരു ദിവസം നക്ഷത്രങ്ങൾ വരച്ച്

ഒരു കാർഡ് അമ്മയ്ക്കയച്ചു. ജീവിതം പൂക്കളാണ് അതിൽ ചിലപ്പോൾ നക്ഷത്രങ്ങൾ വരാം എന്ന മറുപടിയാണ് അമ്മ കൊടുത്തത്. കഥയു ടെ ഒടുവിൽ ജോർജ്ജസ് തലയിണ അമർത്തി ആനിനെ ഞെരിക്കുന്നു. അങ്ങനെ സിനിമ നാടകീയമായ ഒരു വഴിത്തിരിവിലേക്ക് മാറുന്നു.

അടുത്ത സീനിൽ ജോർജ്ജസ് മാർക്കറ്റിൽ നിന്ന് പൂക്കൾ വാങ്ങി അതിന്റെ ഇതളുകൾ മുറിച്ച് പൈപ്പ് വെള്ളത്തിൽ കഴുകുന്നു. അയാൾ ആനിയുടെ ഡ്രസ്സുകളിൽ ഒന്നെടുത്ത് കട്ട് ചെയ്യുന്നു. ഡോർ ജോയിന്റുകൾ ടേപ്പ് ഉപ യോഗിച്ച് സീൽ ചെയ്യുന്നു. അതിന് ശേഷം ഡ്രസ്സിന്റെ കഷണത്തിൽ ഒരു കത്തെഴുതു ന്നു.ജനാലയിൽ കൂടി പറന്നു വന്ന ഒരു പ്രാവിനെ കിടപ്പുമുറിയുടെ വാതിൽ അടച്ച് പിടികൂടുന്നുങ്കിലും അതിനെ വിട്ടയച്ചതായി കത്തിൽ കുറിക്കുന്നു. അതിനുശേഷം ജോർജ്ജസ് ഉറങ്ങാൻ പോകുന്നു.

സിനിമ അവസാനിക്കുന്നിടത്ത് ഒരു സ്പിരിച്ചോലിറ്റി സീൻ ആണ് ചിത്രത്തിൽ കാണിക്കുന്നത്. അടുക്കളയിൽ വെള്ളത്തിന്റെ ശബ്ദം കേൾക്കുന്നു. ജോർജ്ജസ് കിടക്കയിൽ നിന്നെഴുന്നേറ്റ് വരുന്നു. അപ്പോൾ ആനി പാത്രങ്ങൾ കഴുകുന്നത് ജോർജ്ജസ് കാണുന്നു. അയാൾ ഒന്നും മിണ്ടാതെ ആനി യെ നോക്കുന്നു. ആനി വീട് വൃത്തിയാക്കി പുറത്തിറങ്ങാൻ തയ്യാറെടുക്കുമ്പോൾ ഒരു കോട്ട് കൊണ്ടുവരാൻ ആനി ജോർജ്ജസിനോട് പറയുന്നു. അയാൾ അവളെ അനുഗമിച്ച് വാതിൽക്കൽ വരെ വരുന്നു. ആളൊഴിഞ്ഞ വീടിന് ചുറ്റും മെല്ലെ അലഞ്ഞു നടന്ന് അവ രുടെ മകൾ ഇവാ സ്വീകരണ മുറിയിൽ ഇരിക്കുന്നിടത്ത് കഥ അവസാനിക്കുന്നു.

ഫിലിം എഡിറ്റർക്ക് അധികം ജോലികളില്ലാതെ വൃത്തിയായി നെയ്തെടുത്തിരിക്കുകയാണ് സംവിധായകൻ ഈ ചിത്രം. ജീൻ ലൂയിസും, ഇമ്മാനുവേൽ റിവയും മികച്ച അഭിനയമാണ് സിനിമയിൽ കാഴ്ച്ചവച്ചിരിക്കുന്നത്. വാർദ്ധ ക്യവും, രോഗവും, വിസ്മൃതിയും കൊണ്ട് ദമ്പതികളുടെ പരിഹരിക്കാനാവാത്ത ഒരവസ്ഥയിൽ സമൂഹം എങ്ങനെ പ്രതികരി ക്കും? എന്ന ചോദ്യവും സംവിധായകൻ പ്രേക്ഷകർക്ക് ഇട്ട് കൊടുക്കുന്നു.


85 - മത് അക്കാദമി അവാർഡിൽ മികച്ച വിദേശഭാഷാ ചിത്രത്തിനുള്ള ഓസ്കാർ അവാർഡ് ഈ ചിത്രം നേടി. ഗോൾഡൻ ഗ്ലോബ് അവാർഡും ഈ ചിത്രം നേടുകയു ണ്ടായി. ●



# മൈക്കേൽ ഹനേകേ




സുരേഷ്കുമാർ .സി.
സെക്രട്ടറി,
ബീം ഫിലിം സൊസൈറ്റി



ജർമ്മൻ - ആസ്ട്രിയൻ ദമ്പതികളുടെ മകനായി 1942 ൽ ജനിച്ച മൈക്കേൽ ഹനേകേ ആസ്ട്രിയൻ സിനിമയെ പ്രസിദ്ധിയിലേക്കുയർത്തിയ ആധുനിക ചലച്ചിത്രകാരിൽ പ്രമുഖനാണ്.

ആധുനിക ലോകത്ത് വ്യക്തികൾ, പ്രത്യേകിച്ചും മധ്യവർഗ്ഗത്തിലുള്ളവർ അനുഭവിക്കുന്ന സാമൂഹികമായ അന്യഥാ ബോധവും ഒറ്റപ്പെടലുകളും തീഷ്ണ ഭാവത്തിൽ അവതരിപ്പിക്കുന്നവയാണ് ഹനേകേയുടെ മിക്കവാറും സിനിമകൾ. ടെലിവിഷൻ പരമ്പരകളുടെ രചനയിൽ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ കലാജീവിതം. 1989 ൽ The Seventh Continent എന്ന സിനിമയിലൂടെയാണ് ഹനേകേ ചലച്ചിത്ര ലോകത്തേക്ക് കടക്കുന്നത്. മനുഷ്യരുടെ ജീവിത പ്രശ്നങ്ങളോട് അപകടകരമാംവിധം നിസ്സംഗത പുലർത്തുന്ന ഉദ്യോഗസ്ഥ സംവിധാനങ്ങളുടെ ക്രൂരതകൾക്കു മുന്നിൽ ആത്മഹത്യ ചെയ്യേി വരുന്ന ഒരു മധ്യവർഗ്ഗ ആസ്ട്രിയൻ കുടുംബത്തിന്റെ കഥയാണ് ഈ സിനിമ.

പിൽക്കാലത്ത് പ്രസിദ്ധമായി മാറിയ തന്റെ Glaciation Triology യിലെ ആദ്യ രചനയും. 1992 ൽ പുറത്തിറങ്ങിയ Benny's Video യും 1994 ലെ Fragments of a Chronology of Chance മാണ്






November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society

KSFDC




Triology യിലെ മറ്റ് രണ്ട് സിനിമകൾ. മധ്യവർഗ്ഗ വ്യക്തി ജീവിതങ്ങൾ നേരിടുന്ന ആത്മ സംഘർ ഷങ്ങളും വ്യഥകളും അവയുണർത്തുന്ന അക്ര മവാസനകളും ആധുനിക ബൂർഷ്വാ സമൂഹത്തിന്റെ ധാർമികച്യുതി യുടേ യും സംവേദന രാഹിത്യത്തിന്റെയും പ്രതിഫലനമെന്ന നിലയിലാണ് മൈക്കേൽ ഹനേകേ അവതരിപ്പിക്കുന്നത്.





Hollywood രീതികളിൽ നിന്ന് മാറി നടന്ന Funny Games (1997) ഹനേകേയുടെ പ്രേക്ഷകവൃന്ദം കൂടുതൽ വികസിപ്പിച്ചു. ആസ്ട്രിയൻ സാഹിത്യകാരനായ Elfriede Jelinek ന്റെ നോവലിനെ ആധാരമാക്കിയ The Piano Teacher (2001) ഹനേകേയു ടെ ഏറ്റവും പ്രചാരം നേടിയ സിനിമയാണ്. 2005 ൽ പുറത്തിറങ്ങിയ Hidden കാൻ ചലച്ചിത്ര മേളയിൽ , മികച്ച സംവിധായകൾപ്പെടെ മൂന്ന് പുരസ്കാരങ്ങൾ



കരസ്ഥമാക്കുകയുണ്ടായി. ഫാസിസത്തിന്റെ വേരുകളന്വേഷിച്ച The White Ribbon (2009) ഒന്നാം ലോകമഹായുദ്ധത്തിനു മുമ്പുള്ള, ജർമ്മൻ ഗ്രാമത്തിൽ അരങ്ങേറിയ കിരാത ഭരണനടപടികളുടെ നേർ കാഴ്ചയായിരുന്നു. കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ച ഈ സിനിമ കാനിൽ Palm D 'Or അവാർഡും അക്കാഡമി നോമി നേഷനും നേടുകയുണ്ടായി.

Palm D'Or നേടിയ , അദ്ദേഹത്തിന്റെ രണ്ടാമത്തെ സിനിമയാണ് 2012 ൽ രചിച്ച Amour. മരണം കാത്തു കഴിയുന്ന വൃദ്ധ ദമ്പതികളുടെ കഥ. അതിവൈകാരികതയില്ലാതെ, എന്നാൽ ഹൃദ്യമായി പറഞ്ഞു പോകുന്ന Amour ന് മികച്ച വിദേശഭാഷാചിത്രത്തിന ുള്ള ഓസ്കാർ പുരസ്കാരം ലഭിക്കുകയു ണ്ടായി. 2017 ൽ പുറത്തിറങ്ങിയ Happy end ആണ് ഹനേകേയുടെ ഏറ്റവും ഒടുവിലത്തെ ചലച്ചിത്ര രചന ●






November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



പ്രതികരണം

# അതിജീവനത്തിനു വേണ്ടിയുള്ള പലായനവും കുടിയേറ്റവും പ്രമേയമായ ചലച്ചിത്രമേള



ജോൺ തോമസ്
ഫിൽക്ക

അർത്ഥവത്തും ക്രിയാത്മകവുമായ സന്ദേശം സമൂഹത്തിന് നൽകാൻ പര്യാപ്തമാവണം നല്ല സിനിമകൾ എന്ന സന്ദേശമാണ് ഫിൽക്കാ ഫിലിം സൊസൈറ്റിയുടെ 2024 ഒക്ടോബർ മാസത്തെ പലായനവും കുടിയേറ്റവും പ്രമേയമായ ചലച്ചിത്രങ്ങളുടെ മേള കാഴ്ച വച്ചത്.


മേള ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ പന്ന്യൻ രവീന്ദ്രൻ എക്സ് എം.പി നടത്തിയ പ്രസംഗത്തിലെ പ്രധാന പരാമർശമായിരുന്നു മലയാള സിനിമ  അതിന്റെ കേരളീയത വീണ്ടെടുക്കണം എന്നത്.ഉറൂബിന്റെ കഥയെ ആസ്പദമാക്കി പി.ഭാസ്കരൻ നിർമ്മിച്ച നീലക്കുയിൽ എന്ന സിനിമയെയും വയലാറിന്റെയും ഒ.എൻ.വിയുടെയും സിനിമാ ഗാനങ്ങളെയും അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാട്ടി. മലയാള സിനിമയിൽ ഇന്ന് സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യച്യുതിയിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു.

ഒക്ടോബർ മാസത്തെ ക്വിസ് പ്രോഗ്രാമിൽ ക്വിസ് മാസ്റ്റർ ആയിരുന്ന ചലച്ചിത്ര നിരൂപകൻ വിജയകൃഷ്ണൻ പ്രോഗ്രാമിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ നിലവാരം ഉയർന്നതായിരുന്നുവെന്ന് അഭിപ്രായപ്പെട്ടു. മുൻകാലങ്ങളിൽ താൻ നടത്തിയ ക്വിസ് പ്രോഗ്രാമുകളിൽ ക്വിസ് മാസ്റ്റർ തന്നെ മറുപടി പറയേണ്ട ചോദ്യങ്ങളായിരുന്നു കൂടുതലെങ്കിൽ ഇവിടെ മിക്ക ചോദ്യങ്ങൾക്കും മറുപടി നൽകാൻ കഴിയുന്ന തരത്തിൽ തയ്യാറെടുത്തു വന്ന സമർത്ഥരായ വിദ്യാർഥികളെയാണ് തനിക്ക് കാണാൻ കഴിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു.

സമ്മാനാർഹരും പങ്കെടുത്തവരും ആയ കുട്ടികൾക്ക് പതിവ് സമ്മാനങ്ങൾക്കൊപ്പം ക്യാഷ് പ്രൈസ് കൂടി നൽകാൻ തയ്യാറായ ഫിൽക്ക ഫിലിം സൊസൈറ്റി അഭിനന്ദനം അർഹിക്കുന്നു. ഫിൽക്ക ഫിലിം സൊസൈറ്റി പ്രസിഡൻറ് ഡോ. ബി. രാധാകൃഷ്ണൻ, ജോയിൻറ് കൗൺസിൽ ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ, ഫിൽക്ക ഫിലിം സൊസൈറ്റി ജനറൽ സെക്രട്ടറി സാബു ശങ്കർ, ജോയിൻറ് സെക്രട്ടറി ജ്യോതിഷ് കുമാർ എന്നിവരും സംസാരിച്ചു.

ഒരുകാലത്ത് ഫ്രാൻസിന്റെ അധിനിവേശത്തിൻ കീഴിൽ കഴിഞ്ഞ ആഫ്രിക്കയിലെ സെനഗൾ എന്ന രാജ്യത്തെ  ചെറുപട്ടണങ്ങളിൽ ഒന്നിൽ വസിക്കുന്ന സൈദ് എന്ന പതിനാറുകാരനാണ് മേളയിൽ ആദ്യമായി പ്രദർശിപ്പിച്ച 'മീ ക്യാപ്റ്റ ൻ' എന്ന സിനിമയിലെ നായകൻ.

കലാകാരൻ (ഡ്രമ്മർ) കൂടിയായ അയാൾ സുഹൃത്തായ മൂസയുടെ പ്രേരണയാൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന തങ്ങളുടെ രാജ്യത്തുനിന്നും  യൂറോപ്പിലേക്ക് കുടിയേറി,പേരും പ്രശസ്തിയും പണവും സമ്പാദിക്കുന്നതിനു വേണ്ടി നടത്തുന്ന യത്നമാണ് ഈ സിനിമയിലെ പ്രതിപാദ്യ വിഷയം.




നാടുവിട്ടു പണക്കാരായവരെ കുറിച്ച് തന്റെ അമ്മയെ ഓർമ്മിപ്പിച്ച് അനുവാദം വാങ്ങാൻ ശ്രമിക്കുന്നുങ്കിലും അമ്മ മകന്റെ താല്പര്യത്തെ കർശനമായി എതിർക്കുന്നു. ഈ വായുവും എത്ര ദരിദ്രം

എങ്കിലും ഈ ചെവിടി മണ്ണും വിട്ട് മറ്റൊരു രാജ്യത്തേക്ക് അതും അസഹനീയമായ തണുപ്പ് കാലാവസ്ഥ അനുഭവിക്കേണ്ടിവരുന്ന യൂറോപ്പിലേക്ക് പോകുന്നത് തനിക്ക് ഓർക്കാൻ പോലും ആവില്ലെന്ന് അമ്മ പറയുന്നു. അമ്മയെ ധിക്കരിച്ച് മകൻ നടത്തുന്ന ഒളിച്ചോട്ടം സഹാറ മരുഭൂമി താണ്ടി ലിബിയ, അവിടെ നിന്നും ഒരു പഴഞ്ചൻ ബോട്ടിൽ അതിന്റെ കപ്പിത്താനായി നിരവധി കുടിയേറ്റക്കാരുമായി മധ്യധരണ്യാഴിയിലൂടെ ഇറ്റലിയിലെ സിസിലി ലക്ഷ്യമാക്കി നീങ്ങുന്നു.



ചൂഷണം, പിടിച്ചുപറി, തടവ്, അപമാനം, ഉറ്റ സുഹൃത്തുമായി വേർപിരിയൽ ഇങ്ങനെ പലതും നേരിടുമ്പോൾ അമ്മയുടെ വാക്കുകൾ അവൻ ഓർമ്മിക്കുന്നു. വേയിരുന്നില്ല എന്ന് തോന്നിപ്പിക്കുന്ന സന്ദർഭങ്ങൾ ഉണ്ടാകുന്നു ങ്കെിലും മെച്ചപ്പെട്ട ജീവിതം എന്ന ലക്ഷ്യം അവനെ മുന്നോട്ട് നയിക്കുന്നു. അവസാനം ഇറ്റലിയിൽ എത്തുന്നുണ്ടോ എന്ന് സംശയമാണ്.

ഏതൊരു രാജ്യവും തങ്ങൾക്കുള്ള സാധ്യതകൾ കവർന്നെടുക്കാൻ വരുന്ന കുടിയേറ്റക്കാരെ കൈ നീട്ടി സ്വീകരിക്കാറില്ല. വിദൂരതയിൽ കാണുന്ന കരയും തലയ്ക്കു മുകളിൽ പറക്കുന്ന ഹെലികോപ്റ്ററും ആണ് സിനിമയുടെ അവസാനം നാം കാണുന്നത്. ഒന്നുകിൽ തിരിച്ചയക്കപ്പെടാം, അല്ലെങ്കിൽ കാരാഗൃഹവാസം, ഇതിൽ അവസാനിക്കാനാണ് സാധ്യത. എന്നാൽ മുൻപരിചയം ഒന്നുമില്ലെങ്കിലും, ഞാൻ ഈ ബോട്ടിനെ മുന്നോട്ടു നയിച്ചു കൊണ്ടു പോകും എന്ന്



അവനിൽ അവസാനം കാണുന്ന ദൃഢനിശ്ചയം നാം ഓരോരുത്തരിലും ആത്മവിശ്വാസം പകരുന്നതാണ്. ബോട്ടിൽ ഒരു അമ്മയ്ക്ക് പിറക്കുന്ന കുഞ്ഞ് ഇതിലെ പ്രത്യാശയുടെ ചിഹ്നമാണ്.

ഈ സിനിമയിലെ കരുത്തയായ കഥാപാത്രം നായകന്റെ അമ്മയാണ്. സെനഗളിലെ ഒരു ഡയലക്റ്റ് സംസാരിക്കുന്ന മനുഷ്യർ, തങ്ങളുടെ മതത്തിന് ഒപ്പം നാട്ടാചാരങ്ങളായ മന്ത്രവാദവും ആഭിചാരവും, നൃത്ത നൃത്യങ്ങളും സംസ്കാരത്തിന്റെ ഭാഗമായി നിലനിർത്തിക്കൊണ്ടു പോകുന്ന ജനസമൂഹം, ഇവയൊക്കെ നമുക്ക് കാട്ടിത്തരുന്നു ഈ സിനിമ.

പോർച്ചുഗീസ് എഴുത്തുകാരൻ നോബൽ പുരസ്കാര ജേതാവ് യൂസേ സരമാഗുവിന്റെ നോവലിനെ അധികരിച്ച് 2008 ൽ നിർമ്മിച്ച 'ബ്ലൈൻഡ്നസ്' എന്ന സിനിമയാണ് മേളയിൽ രണ്ടാമതായി പ്രദർശിപ്പിച്ചത്. പേര് പറയാത്ത ഒരു പട്ടണത്തിലെ ജനങ്ങൾക്ക് ഒന്നിന് പിറകെ ഒന്നായി കാഴ്ച നഷ്ടപ്പെടുന്നതും തന്മൂലം ഉണ്ടാകുന്ന നിർബന്ധിത കുടിയൊഴിപ്പിക്കലും സാമൂഹിക ജീവിതക്രമത്തിന്റെ തകർച്ചയും ആണ് സിനിമയുടെ പ്രമേയം.

അതിജീവനത്തിന് വേണ്ടിയുള്ള പോരാട്ടം, ജീവിതം നേരിടുന്ന സന്നിഗ്ധാവസ്ഥ, ജീവിതക്രമത്തിന്റെ തകർച്ച തുടങ്ങിയവ അന്ധത എന്ന രൂപകത്തിലൂടെ ചിത്രീകരിച്ചിരിക്കുന്നു.





അധികാരി വർഗ്ഗം, മനുഷ്യ പ്രകൃതിയിലെ ഇരു വശങ്ങൾ, നിയമപാലകർ ഇവയെല്ലാം ചേർന്ന് ജീവിതം ദുരിതമയമാക്കുന്നു. കൂടുതൽ പേരിലേക്ക് രോഗം പടരുന്നത് തടയാൻ ആദ്യം രോഗം ബാധിച്ചവരെ ക്വാറന്റൈനിൽ പാർപ്പിച്ച കെട്ടിടത്തിലാണ് കഥയുടെ സിംഹഭാഗവും നടക്കുന്നത്.

കാര്യങ്ങൾ നിലവിടുന്നതോടെ വേലിക്കെട്ട് തകർത്ത് പുറം ലോകത്തേക്ക് ഇവർ ഇറങ്ങുന്നു. ഏതാണ്ട് എല്ലാം നഷ്ടപ്പെട്ട പുറംലോകത്തിൽ ലഭ്യമായത് കൈക്കലാക്കി തങ്ങളുടെ നിലനിൽപ്പ് ഉറപ്പിക്കാൻ അവർ ശ്രമിക്കുന്നു. തകർന്നു തരിപ്പണമായ, ബീഭത്സമായ, നിറം നഷ്ടപ്പെട്ട ഒരു ലോകമാണ് പുറത്തു നാം കാണുന്നത്.



തർക്കോവ്സ് കിയുടെ സ്റ്റോക്കറിലും അന്തോണിയോണിയുടെ റെഡ് സണ്ണിലും ഒക്കെ കാണുന്ന തരത്തിലുള്ള ഒരു ലോകം. കവി ജോൺ മിൽട്ടൺ തനിക്ക് ബാധിച്ച അന്ധതയെ കുറിച്ച് എഴുതിയ കവിത ഈ സിനിമയ്ക്ക് പ്രചോദനമായി തീർന്നു എന്ന് കാണുന്നു. ബൈബിൾ പുതിയ നിയമത്തിൽ ക്രിസ്തു വിശ്വാസികളെ പീഡിപ്പിക്കുന്നതിന് ഇറങ്ങിത്തിരിച്ച ശൗലിന് (പിന്നീട് സെൻറ് പോൾ) ബാധിച്ചതായി പറയുന്ന താൽക്കാലികമായ അന്ധതയെ കുറിച്ച് സിനിമയിൽ പരാമർശം ഉണ്ട്.

നമ്മുടെ കോവിഡ് കാലത്തെ അനുസ്മരിപ്പിച്ച നിരവധി രംഗങ്ങൾ ഈ സിനിമയിൽ കാണാം. പ്രത്യാശയുടെ തിരിനാളം ഉയർത്തിക്കൊണ്ടാണ് ഈ സിനിമ അവസാനിക്കുന്നത്. 1930കളിൽ അമേരിക്ക നേരിട്ട സാമ്പത്തിക മാന്ദ്യത്തെ അധികരിച്ച് ജോൺ ഫോർഡ്




എന്ന വിഖ്യാത സംവിധായകൻ ട്വന്റിയത്ത് സെഞ്ചുറി ഫോക്സിന്റെ ബാനറിൽ 1940ൽ നിർമ്മിച്ച സിനിമ, 'ഗ്രേപ്സ് ഓഫ് റാത്ത്' ആണ് ഉച്ചയ്ക്കുശേഷം ആദ്യമായി പ്രദർശിപ്പിച്ചത്. ജോൺ സ്റ്റെയിൻ ബക്കിന്റെ ഇതേ പേരിലുള്ള വിഖ്യാതമായ നോവലിനെ അധികരിച്ച് അമേരിക്കയിലെ ഒക്ലഹോമ സംസ്ഥാനത്ത് മഴ ലഭിക്കാത്തതിനാലും



പൊടിക്കാറ്റ് വീശുന്നത് മൂലവും കൃഷി ചെയ്യാനാവാതെ ദുരിതത്തിൽ ആയ കർഷകർ കൃഷി ഭൂമി കമ്പനികൾക്ക് വിൽക്കുന്നു. തൊഴിലാളികളെ ഒഴിവാക്കുന്ന യന്ത്രവൽക്കരണത്തിലൂടെ കൃഷി ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കാൻ കമ്പനികൾ ശ്രമിക്കുന്നു. കർഷകരുടെ ചെറിയ വീടുകൾ ഉൾപ്പെടെ പൽച്ചക്രങ്ങളുള്ള യന്ത്ര സഹായത്തോടെ ഇടിച്ചുനിരത്തുന്ന ദയനീയ ദൃശ്യം സിനിമയിൽ കാണാം.

അവിടുത്തുകാർ വലിയ ട്രക്കുകളിൽ വീട്ടു സാമാനങ്ങളുമായി വാസയോഗ്യമായ സ്ഥലങ്ങൾ തേടി അലയുന്ന കാഴ്ച പ്രത്യേകിച്ചും അവർക്ക് 'പാലും തേനും ഒഴുകുന്ന വാഗ്ദത്ത ഭൂമിയായ' കാലിഫോർണിയ ലക്ഷ്യമിട്ട് നീങ്ങുന്ന കാഴ്ച നമുക്ക് കാണാം.

ചെല്ലുന്നിടത്തൊക്കെ തൊഴിൽ രംഗത്തെ സംഘർഷങ്ങൾ, കൂലിയിലുള്ള കുറവ്,അടിസ്ഥാന ജീവിതസൗകര്യങ്ങളുടെ അപര്യാപ്തത, ചൂഷണം എന്നിവയൊക്കെ അവർ നേരിടുന്നു. എങ്കിലും മടങ്ങിപ്പോകാൻ ആകാതെ കൂടുതൽ മെച്ചപ്പെട്ടതെന്ന് ആൾക്കാർ പറയുന്ന സ്ഥലങ്ങൾ ലക്ഷ്യമാക്കി അവർ വീണ്ടും നീങ്ങുന്നു. ഇക്കാര്യങ്ങളൊക്കെ മൂന്നു തലമുറയിലെ അംഗങ്ങളുള്ള ജോഡ് കുടുംബത്തിന്റെ പലായനത്തിന്റെയും അവർ നേരിടുന്ന ദുരിതത്തിന്റെയും പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.


ജയിലിൽ നിന്നും പരോളിൽ ഇറങ്ങിയ ജോഡ് കുടുംബത്തിലെ മൂന്നാം തലമുറയിൽ പെട്ട ഹെൻട്രി ഫോ അവതരിപ്പിച്ച ടോം ജോഡ് ആണ് മുഖ്യ കഥാപാത്രം.

യാതൊരു കാരണവശാലും താൻ ജനിച്ചു ജീവിച്ച മണ്ണ് വിട്ടുപോകില്ലെന്ന് ശഠിക്കുന്ന മുത്തച്ഛൻ... കുടുംബത്തെ കുറിച്ചുള്ള ദീപ്ത സ്മരണകൾ ഉള്ളിൽ സൂക്ഷിക്കുകയും അതോടൊപ്പം പ്രായോഗിക ബുദ്ധിയിലൂടെ കുടുംബത്തെ മുന്നോട്ടു നയിക്കുകയും ചെയ്യുന്ന ശുഭാപ്തി വിശ്വാസം പുലർത്തുന്ന അമ്മ... വിശ്വാസത്തെക്കുറിച്ച് താൻ പഠിച്ചുവച്ച ധാരണകൾ തനിക്ക് നഷ്ട പ്പെട്ടുവെന്നും രക്ഷകന്റെ പ്രവർത്തനം എന്നത് ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യരെയും അവരുടെ ദുരിതങ്ങളിൽ കൈത്താങ്ങുകയും അവയിൽ നിന്നും വിടുവിക്കുകയും ചെയ്യുന്ന ഒന്നാണെന്ന വിശ്വാസവുമായി ജീവിക്കുന്ന മതപ്രബോധകൻ... പുതിയ മേച്ചിൽ പുറങ്ങൾ തേടിപ്പോകുന്നത് നിഷ്ഫലം ആണെന്നും താൻ എന്തുവിലകൊടുത്തും ഇവിടെത്തന്നെ കഴിയുമെന്നും പറയുന്ന കഥാപാത്രം... അങ്ങനെ മനസ്സിൽ പതിഞ്ഞു നിൽക്കുന്ന നിരവധി കഥാപാത്രങ്ങളാണ് ഈ സിനിമയിൽ ഉള്ളത്.

മുതലാളിത്ത സാമൂഹികക്രമം നിലനിൽക്കുന്ന അമേരിക്കയിൽ വിമർശനങ്ങൾ ഉയർത്തുകയും താൽക്കാലികമായിട്ടാണെങ്കിലും വിലക്ക് നേരിടേണ്ടി വരികയും ചെയ്തവയാണ് ജോൺ സ്റ്റെയിൻ ബക്കിന്റെ 'ഗ്രേപ്സ് ഓഫ് റാത്ത് 'എന്ന നോവലും അതിനെ ആസ്പദമാക്കിയുള്ള സിനിമയും. കമ്മ്യൂണിസ്റ്റ് എന്ന് ഗ്രന്ഥകർത്താവ് വിളിക്കപ്പെട്ടു. കർഷകന് കൃഷി ഭൂമിയിലുള്ള ഉടമസ്ഥാവകാശം,അന്തസ്സോടെ ജീവിതം പുലർത്താനുള്ള അവകാശം എന്നിങ്ങനെയുള്ള മുറവിളികൾ ഉയർത്താൻ ഡിക്കൻസിന്റെയും പേൾ.എസ്. ബക്കിന്റെയും നോവലുകൾ പോലെ ഈ കൃതിയും പര്യാപ്തമായിട്ടുണ്ട്.കൊല്ലപ്പെട്ട മതപ്രബോധകൻ നിർവഹിച്ച മണ്ണിൽ പണി ചെയ്യുന്നവർക്ക് വേണ്ടിയുള്ള അവകാശപ്പോരാട്ടം താൻ ഏറ്റെടുത്തു നടത്താൻ പോവുകയാണെന്ന്

അമ്മയ്ക്ക് മുമ്പിൽ പ്രതിജ്ഞ നടത്തി നായക കഥാപാത്രം ടോം ജോഡ് അപ്രത്യക്ഷ മാവുന്നിടത്താണ് സിനിമ അവസാനിക്കുന്നത്.

ഇന്ത്യൻ സിനിമയിലെ ത്രിമൂർത്തികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന മൂന്ന് ബംഗാളികളിൽ രണ്ടുപേരുടെയും- സത്യജിത് റേയുടെയും ഋത്വിക് ഘട്ടക്കിന്റെയും - കുടുംബത്തിന്റെ തായ്‌വേരുകൾ തേടിയാൽ ചെന്നെത്തുന്നത് ബംഗ്ലാദേശിലാണ്. ഇത് സംബന്ധിച്ച അന്വേ ഷണവും അവരുടെ ജന്മഗൃഹത്തെക്കുറിച്ചുള്ള വിവരണവും അടങ്ങുന്ന ഡോക്യുമെൻററി ചിത്രങ്ങൾ IDSFFKയിൽ നാം കണ്ടതാണ്. ഘട്ടക്കിന്റെ സിനിമകളായ സുവർണ രേഖ, കോമൾ ഗാന്ധാർ, തിതാസ് ഏക് നാദിർ നാം, മേഘ ധക്കെ താര എന്നിവയെല്ലാം തന്നെ ബംഗാൾ വിഭജനത്തിന്റെയും തുടർന്നുണ്ടായ അഭയാർത്ഥി പ്രവാഹത്തിന്റെയും മുറിവുകൾ പേറുന്നവയാണ്.




ഇന്ത്യാ ചരിത്രത്തിലെ കറുത്ത ഏടുകളിൽ ഒന്നായിരുന്നു 1905ൽ നടന്ന ബംഗാൾ വിഭജനം. പാരമ്പര്യം, ദേശീയത, ഭാഷ എല്ലാം ഒരു പോലെ, എന്നാൽ ഭൂരിപക്ഷ മതം വ്യത്യസ്തമാണെന്ന ഒറ്റ കാരണത്താൽ രണ്ട് പ്രവിശ്യകളിലായി വേർതിരിച്ചു വേലി കെട്ടി താമസിക്കേി വരുന്ന അവസ്ഥ. ഇതിന് ആക്കം കൂട്ടിക്കൊണ്ട് 1947ൽ ഇന്ത്യ സ്വതന്ത്രമായപ്പോൾ കിഴക്കൻ ബംഗാൾ വ്യത്യസ്ത രാഷ്ട്രം (കിഴക്കൻ പാക്കിസ്ഥാൻ ) ആയി മാറുന്നു. സ്വാതന്ത്ര്യത്തെ തുടർന്ന് രക്തച്ചൊരിച്ചിലും ജീവത്യാഗങ്ങളും തന്മൂലം ഉണ്ടായ കൂട്ടപ്പലായനവും. എന്നാൽ കിഴക്കും പടിഞ്ഞാറും എത്തിയ അനേകായിരങ്ങളിൽ നഷ്ടബോധവും അന്യതാബോധവും പ്രകടമായി. തസ്ലീമ നസ്റിന്റെ 'ദ്വിഖണ്ഡ' പോലെയുള്ള കൃതികളിൽ ഈ വേദനയുടെ ആഴം വായിച്ചറിയാം.

സുവർണ്ണ രേഖ തുടങ്ങുന്നത് അത്തരമൊരു അഭയാർത്ഥി ക്യാമ്പിലാണ്. അവിടെയും ജാതീയമായ ഉച്ചനീചത്തങ്ങൾ നിലനിൽക്കുന്നു. തന്റെ സഹോദരിയെയും കൊണ്ട് അഭയാർത്ഥി ക്യാമ്പിൽ നിന്നും മെച്ചപ്പെട്ട ജീവിതം തേടി സുവർണ്ണരേഖാ നദീതീരത്തെ ഒരു ഫാക്ടറിയിൽ നിയമനം തേടി പോകുന്ന ഈശ്വറാണ് മേള യിൽ അവസാനമായി പ്രദർശിപ്പിച്ച സിനിമ യായ ഋത്വിക് ഘട്ടക്കിന്റെ 'സുവർണ്ണ രേഖ'യിലെ നായകൻ.

തുല്യദുഃഖിതരായ അഭയാർത്ഥികളെയുപേക്ഷിച്ച് മെച്ചപ്പെട്ട ജീവിതം തേടിപ്പോകുന്ന അയാളെ വഞ്ചകൻ എന്ന് ക്യാമ്പിൽ കഴിയുന്നവർ വിശേഷിപ്പിക്കുന്നു. അമ്മയുമായുള്ള ബന്ധം വേർപിരിയാൻ ഇടയായ അഭിറാം എന്ന താഴ്ന്ന ജാതിയിൽ പെട്ട ബാലനെയും കൂടെ കൂട്ടുവാൻ ഈശ്വർ നിർബന്ധിതനാകുന്നു.



വളരുന്നതോടെ സീതയുടെയും അഭിയുടെയും ബന്ധം പ്രണയമായി മാറുന്നു.ഇവർ തമ്മിലുള്ള വിവാഹത്തിന് ഈശ്വർ എതിര് നിൽക്കു ന്നതോടെ അവർ പട്ടണത്തിലേക്ക് ഒളിച്ചോടി പ്പോയി ജീവിതം ആരംഭിക്കുന്നു. അവർക്ക് ഒരു മകൻ പിറക്കുന്നതോടെ അഭി അപമൃത്യുവി നിരയാകുകയാണ്. അതോടെ സീതയുടെ ജീവിതം ദുരിതമയമായി തീരുന്നു. ഒരുനാൾ ഈശ്വർ കൂട്ടുകാരനുമൊത്ത് മദ്യപിക്കാനും ആഘോഷിക്കാനുമായി പട്ടണ ത്തിലെത്തുന്നു. ലക്ക് കെട്ട അവസ്ഥയിൽ വേശ്യാലയത്തിൽ ചെല്ലുന്നു. അവിടെ സീത! അവൾ മൂത്ത സഹോദരന്റെ മുന്നിൽ കഴുത്ത് കീറി ആത്മ ഹത്യ ചെയ്യുന്നു.

ഒടുവിൽ സീതയ്ക്ക് ജനിച്ച മകനെയും കൈക്കു പിടിച്ചു നീങ്ങുന്നു ഈശ്വർ. സുവർ ണ്ണരേഖാ നദീ തീരത്തിലൂടെ നടക്കുന്നു. ഈശ്വറിനോട്, അമ്മ പറയുമായിരുന്ന സ്വന്തം വീടിനെ കുറിച്ച് കുട്ടി ചോദിക്കുന്നിടത്ത് സിനിമ അവസാനിക്കുന്നു.

'നഷ്ടപ്പെട്ട അമ്മ' ഒരു ഓർമ്മയായി കഥാപാ ത്രങ്ങളുടെ മനസ്സിൽ വരുന്നു. മനോഹരമായ നദീതീരവും അതിനടുത്ത്, യുദ്ധത്തിൽ തകർന്ന കെട്ടിടവും ഹെലികോപ്റ്ററും. ഒരുകാലത്ത് പട്ടാളത്തിലെ ഓഫീസർമാരുടെ ക്ലബ്ബ് പ്രവർത്തിച്ചിരുന്ന കെട്ടിടമായിരുന്നു അതെന്ന് സിനിമയിൽ പറയുന്നു. തങ്ങളുടെ ദുരിതമയമായ ജീവിതത്തിന് അന്ത്യം കുറിക്കാൻ പര്യാപ്തമായ ഒരു മോട്ടിഫ് ആയി സുവർണ്ണരേഖ എന്ന സ്വപ്നം നിലകൊള്ളുന്നു.

അതിസുന്ദരങ്ങളായ ഗാനങ്ങളും അവയുടെ ചിത്രീകരണവും ഈ സിനിമയിലുണ്ട്. ഉസ്താദ് ബഹദൂർ ഖാൻ സംഗീതം നൽകി ആരതി മുഖർജി ആലപിച്ച കലാവതി, ഭൈരവി രാഗങ്ങളിൽ ഉള്ള ഗാനങ്ങൾ അതീവ ഹൃദ്യം. മാധവി മുഖർജി അഭിനയിച്ച സീത എന്ന കഥാപാത്രം പാടുന്ന രണ്ട് ഗാനങ്ങളും, 'മോരാ ദുഖുവാ (എന്റെ ദുഃഖം ഞാൻ ആരോട് പ റയും)','ആജുകീ ആനന്ദോ', എന്നീ പാട്ടുകൾ സിനിമ തീർന്നു കഴിഞ്ഞാലും മനസ്സിൽ തങ്ങി നിൽക്കും.
പലായനം, കുടിയേറ്റം എന്നീ മാനവരാശിക്ക് എന്നും പ്രസക്തമായ വിഷയം പ്രമേയമാക്കിയ സിനിമകളുടെ മേള ഒരുക്കിയ ഫിൽക്കക്ക് അഭിനന്ദനങ്ങൾ. ●



വാർത്ത

# മലയാള സിനിമ അതിന്റെ കേരളീയത വീണ്ടെടുക്കണം - പന്ന്യൻ രവീന്ദ്രൻ


സാം ആന്റണി, ഫിൽക്ക

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 27-ആം തീയതി ഞായറാഴ്ച തിരുവനന്തപുരം ജോയിന്റ് കൗൺസിൽ എ.സി. ഹാളിൽ വച്ചു നടന്ന ചടങ്ങിൽ മുൻ എം.പി. പന്ന്യൻ രവീന്ദ്രൻ നിർവഹിച്ചു. ചടങ്ങിൽ നോവലിസ്റ്റും പത്രപ്രവർത്തകനും ചലച്ചിത്ര നിരൂപകനുമായ സാബു ശങ്കർ, സിനിമ നിരൂപകനും നോവലിസ്റ്റുമായ വിജയകൃഷ്ണൻ, ജോയിന്റ് കൗൺസിൽ സ്റ്റേറ്റ് ജനറൽ സെക്രട്ടറി ജയചന്ദ്രൻ കല്ലിങ്കൽ തുടങ്ങിയവർ സംസാരിച്ചു. ഫിൽക്ക പ്രസിഡന്റ് ഡോ. ബി .രാധാകൃഷ്ണൻ അതിഥികൾക്കും ഭാരവാഹികൾക്കും കാണികൾക്കും സ്വാഗതം അർപ്പിച്ചു. ഇറ്റാലിയൻ നദീൻ ഗരോണി സംവിധാനം ചെയ്ത മീ ക്യാപ്റ്റൻ, ബ്രസീലിയൻ സംവിധായകൻ ഫെർണാഡോ മേരീലിയസ് സംവിധാനം ചെയ്ത ബ്ലൈൻഡ്നെസ്സ്, അമേരിക്കൻ സംവിധായകൻ ജോൺ ഫോർഡ് സംവിധാനം ചെയ്ത ദ ഗ്രേപ്സ് ഓഫ് റാത്ത്, ബംഗാളി സംവിധായകൻ ഋത്വിക് ഘട്ടക്ക് സംവിധാനം ചെയ്ത സുബർണ്ണരേഖ എന്നീ സിനിമകളാണ് ഇത്തവണ പ്രദർശിപ്പിച്ചത്.



കെ.എസ്.എഫ്.ഡി.സി, ചലച്ചിത്ര അക്കാദമി, ലോട്ടറി ഡിപ്പാർട്ട്മെൻറ്, ബീം ഫിലിം സൊസൈറ്റി , ജോയിന്റ് കൗൺസിൽ - നന്മ ഫിലിം സൊസൈറ്റി, അർപ്പണ ഫൗഷേൻ ഫിലിം സൊസൈറ്റി, പ്രിയദർശിനി ഫിലിം സൊസൈറ്റി, തലസ്ഥാന പൗരസമിതി, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ മിഷൻ എന്നിവയുടെ സഹകരണത്തോടെ ആയിരുന്നു ഫിലിം ഫെസ്റ്റിവൽ.

**പന്ന്യൻ രവീന്ദ്രൻ :**
വിദേശ വാണിജ്യ സിനിമകളുടെ ആധിപത്യം നമ്മുടെ നാട്ടിലെ സാധാരണ സിനിമകളെ വളരെയേറെ ബാധിച്ച ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് . ഇപ്പോഴത്തെ മാറ്റം വളരെ പെട്ടെന്ന് ഉണ്ടായ ഒരു സ്വാധീനമാണ് . എന്നാൽ ഞാൻ വളരെയേറെ മികച്ച വിദേശ സിനിമകൾ കാണുന്ന ഒരാളാണ്. മികച്ച വിദേശ സിനിമകളിൽ നിന്നൊക്കെ നമ്മൾക്കറിയാത്ത വളരെയേറെ കാര്യങ്ങൾ പഠിക്കാനുണ്ടെന്നുള്ളതാണ് അതിനു കാരണം.

തനത് മലയാള സിനിമ എന്നു പറയുന്നത് നമ്മുടെ സാമൂഹിക മാറ്റങ്ങളുടെ ഭാഗമായി ഉണ്ടായതാണ്. സിനിമ മാറ്റങ്ങളുടെ ശക്തി സ്രോതസ്സായി നിലനിൽക്കുകയും ചെയ്യുന്നു. ഒരുപക്ഷേ ചെറുപ്പക്കാർ കണ്ടു കാണാൻ വഴിയില്ലാത്ത നീലക്കുയിൽ എന്ന സിനിമ ഉറൂബ് എന്ന മഹാനായ കഥാകാരൻ എഴുതിയ ഒരു കഥയുടെ അടിത്തറയിൽ സൃഷ്ടിച്ച സിനി



മയാണ്. പഴയ കാലഘട്ടത്തിലെ സാമൂഹികാവസ്ഥയിൽ സമ്പന്നരായവർ പാവപ്പെട്ടവരെ ഉപയോഗിക്കുകയും ചൂഷണം ചെയ്യുകയും ചെയ്തിരുന്നു.



അങ്ങനെ ഉപയോഗിക്കപ്പെട്ട ഒരു പാവപ്പെട്ട പെണ്ണിന്റെ ജീവിതമാണ് നീലക്കുയിൽ വരച്ചുകാട്ടിയത്. ആ സിനിമ കണ്ടപ്പോൾ ഒരു വല്ലാത്ത വിങ്ങിപ്പൊട്ടൽ നമ്മുടെയൊക്കെ മനസ്സിൽ ഉണ്ടായി. ആ സിനിമയുടെ പിന്നിലെ കലാകാരന്മാരുടെ ചേരുവകൾ തന്നെ നോക്കൂ. പി. ഭാസ്കരൻ, രാമു കാര്യാട്ട്, വിൻസന്റ്, കെ. രാഘവൻ, അബ്ദുൽ ഖാദർ തുടങ്ങിയ പ്രഗൽഭ വ്യക്തിത്വങ്ങൾ ചേർന്ന് സൃഷ്ടിച്ച ഒരു അതുല്യസൃഷ്ടിയാണ് നീലക്കുയിൽ. അതു മലയാളികളുടെ മനസ്സിൽ ഒരു പുതിയ അനുഭൂതി സൃഷ്ടിച്ചു. ആ സിനിമയിലെ പല ഘടകങ്ങളും പ്രത്യേകിച്ച് മാപ്പിളപ്പാട്ട് രീതിയിൽ ചെയ്ത അതിലെ ഗാനങ്ങൾ ഒരു തരംഗം തന്നെ സൃഷ്ടിക്കുകയുണ്ടായി. കായലരികത്ത് വലയെറിഞ്ഞപ്പോൾ എന്ന് തുടങ്ങുന്ന പാട്ട് ഒരു നാട് മുഴുവൻ പാടിക്കൊണ്ട് നടന്നു. അത്രത്തോളമായിരുന്നു അതിന്റെ പോപ്പുലാരിറ്റി. ഒരു വർഷത്തിൽ രണ്ടോ മൂന്നോ മലയാള സിനിമകൾ മാത്രം ഉണ്ടായിരുന്ന കാലമാണത്. അക്കാലത്ത്



പുറത്തുനിന്നും സിനിമകൾ വരുന്നുണ്ടായിരുന്നു. പക്ഷേ ഓരോ സിനിമയും അതു നിർമ്മിക്കപ്പെടുന്ന നാടിന്റെ സംസ്കാരത്തെയും ജീവിതത്തെയും പ്രതിനിധീകരിക്കുന്നു . അത്തരം മലയാള സിനിമകളെ പോലെ നമുക്ക് ദഹിക്കുന്ന ഒന്നായിരുന്നില്ല അവയൊക്കെ. എന്നാൽ പിന്നീട് പുറത്തുനിന്ന് വരുന്ന സിനിമകൾക്കൊപ്പം നമ്മുടെ നാടും മാറി തുടങ്ങി. നമ്മളൊക്കെ പറയാറുണ്ട് നാട് മാറുമ്പോൾ നമ്മൾ മാറാതിരിക്കണോയെന്ന്.

പണ്ടത്തെ സിനിമകൾ എടുത്തു നോക്കിയാൽ മിക്കതും നമ്മുടെ നാട്ടിൽ പ്രചുരപ്രചാരം നേടിയ കഥകളോ, നോവലുകളോ ഒക്കെ സിനിമ ആക്കിയവയാണ്.

ഇപ്പോഴത്തെ സിനിമകൾ എടുത്തു നോക്കിയാൽ അതിലെ ഏതെങ്കിലും ഒരു കഥാപാത്രം നമ്മുടെ മനസ്സിൽ തങ്ങാറുണ്ടോ? ഇല്ല എന്നുള്ളതാണ് മിക്ക സിനിമകളുടെയും കാര്യത്തിൽ ഉത്തരം. സിനിമകളുടെ കഥകളുടെ കാര്യമായാലും ഇതുതന്നെ സ്ഥിതി. മിക്ക സിനിമകളിലും കാര്യമായ ഒരു കഥയും ഇല്ലെന്നുതന്നെ പറയാം. കഥയില്ലാത്ത സിനിമകളിലേക്ക് നമ്മുടെ സിനിമ പോവുകയാണ്.

സിനിമ സംഘടനകൾ പലതുണ്ടെങ്കിലും സിനിമ യിലെ സാമൂഹ്യനീതിക്ക് പ്രാധാന്യം കൊടുക്കുന്നവ എത്രയുണ്ടെന്നുള്ളത് ആലോചിച്ചു നോക്കേണ്ട കാര്യം തന്നെയാണ്. എന്താണ് ഇപ്പോഴത്തെ സിനിമ നമുക്ക് തരുന്ന സാമൂഹിക പാഠം എന്നാലോചിച്ചാൽ അവയിലൊന്നും എടുത്തു പറയാൻ തക്കവണ്ണം ഒന്നും തന്നെയില്ല എന്ന് പറയേണ്ടിവരും.

ഈയിടെ ഞാനൊരു വീട്ടിൽ ചെന്നപ്പോൾ ആ വീട്ടിലെ കുട്ടികൾ തമ്മിൽ വഴക്ക് നടക്കുകയാണ്. അവർ തമ്മിൽ ഉപയോഗിക്കുന്ന വാക്കുകൾ കേട്ടപ്പോൾ എനിക്ക് വിഷമമായി.



വളരെ മോശപ്പെട്ട വാക്കുകളാണ് അവർ ഉപയോഗിച്ചത്. അതിലൊരു കുട്ടിയെ വിളിച്ച് ഞാൻ അങ്ങനെ സംസാരിക്കരുതെന്ന് ഉപദേശിച്ചപ്പോൾ അവൻ പറഞ്ഞത്, ഞാൻ ടിവിയിലെ ചർച്ചയിൽ പറഞ്ഞു കേട്ട വാക്കു കളാണ് അത് എന്നാണ്. ചർച്ചയിൽ ജയിക്കാൻ വേണ്ടി കേൾക്കാൻ കൊള്ളാത്ത വാക്കുകൾ ഉപയോഗിക്കുന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു നമ്മുടെ സമൂഹം.

ഞാനും എം.എം. ഹസനും ടി.കെ. പത്മനാഭനും പങ്കെടുത്ത ഒരു ചർച്ചയെപ്പറ്റി ഓർക്കുകയാണ്. ആ അവസരത്തിൽ ഞാനും ഹസനുമായി രാഷ്ട്രീയം പറഞ്ഞ് ഒന്ന് ഇടഞ്ഞു. അപ്പോൾ ഞാൻ ഹസനോട് നിന്റെ പാർട്ടി എന്നു പറഞ്ഞു. മലബാറിൽ സമപ്രായക്കാരെ നീ എന്നു വിളിച്ചാൽ കുഴപ്പമില്ല. നിങ്ങൾ എന്ന് വിളിച്ചാൽ ബഹുമാനമാണ്. ഇവിടെ നീ എന്നു വിളിച്ചാലും നിങ്ങൾ എന്നു വിളിച്ചാലും അത് മോശമായി തന്നെ കണക്കാക്കും. ഇവിടെ താങ്കൾ എന്ന് തന്നെ വിളിക്കണം. അതുകൊണ്ടു തന്നെ പറഞ്ഞു കഴിഞ്ഞപ്പോൾ എനിക്ക് തോന്നി ഞാൻ അബദ്ധത്തിൽ ചാടി എന്ന്. അപ്പോൾ തന്നെ ഞാൻ താങ്കൾ എന്നോട് ക്ഷമിക്കണം എന്ന് പറയുകയുണ്ടായി. അപ്പോൾ ഹസ്സൻ എന്നോട് ചോദിച്ചു ഇത് നായനാര് പറയുന്ന മാതിരിയാണോ എന്ന്. അപ്പോൾ ഞാൻ പറഞ്ഞു നായനാരാര്, ഞാനാര്? ഞാനൊരു പാവം, നായനാർ ഒരു മഹാൻ. ഇത് അതു പോലെ തന്നെ അന്ന് പ്രക്ഷേപണം ചെയ്യപ്പെട്ടു. ചർച്ച കഴിഞ്ഞ് ഇറങ്ങിയപ്പോൾ എനിക്ക് വന്ന ഫോൺ കോളുകൾക്ക് കണക്കില്ലായിരുന്നു. അങ്ങനെയൊക്കെ പറഞ്ഞത് നന്നായി എന്നു പറയാനാണ് അവർ വിളിച്ചതൊക്കെ. എന്നാൽ ഇപ്പോഴത്തെ കാലത്ത് മറ്റുള്ളവരുടെ പിതാവിനെ ആക്ഷേപിക്കുന്ന തരത്തിൽ പറയുന്നതാണ് ശരി എന്ന മട്ടിലാണ് ആളുകൾ ചിന്തിക്കുന്നത്.
നമ്മുടെ നാടിന്റെ ഒരു സംസ്കാരത്തിന് ഒരു മാന്യതയുണ്ട്. അതാണ് പരസ്പര ബഹുമാനവും സ്നേഹവും. ഇവരുമില്ലെങ്കിൽ നമ്മളുടെ നാടിന്റെ ഭാവി എന്താണ്?

ദൃശ്യമാധ്യമങ്ങൾക്ക് നമ്മുടെ സംസ്കാരത്തിലും ശീലങ്ങളിലുമുള്ള സ്വാധീനം ഈ പറഞ്ഞവയിൽ നിന്നൊക്കെ തന്നെ വ്യക്തമാണ്. സിനിമ അതിലെ പ്രധാന ഘടകമാണ്.



നമ്മുടെ സമൂഹത്തിൽ സ്വാധീനം ചെലുത്തിയ സിനിമകളിൽ എടുത്തു പറയേണ്ട പേരാണ് പാറപ്പുറത്തിന്റെ നോവലിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച അരനാഴികനേരം എന്ന സിനിമ. സാമൂഹിക ജീവനത്തിൽ നാം ശ്രദ്ധ ചെലുത്തേണ്ട അനേകം കാര്യങ്ങൾ ഉൾക്കൊള്ളിച്ച ഭാഗങ്ങൾ ആ സിനി മയിൽ ഉണ്ടായിരുന്നു. അത്തരം സവിശേഷതകൾ ഒന്നുമില്ലാത്ത തട്ടിക്കൂട്ടു സിനിമകളാണ് ഇന്ന് പുറത്തു വന്നു കൊണ്ടിരിക്കുന്നതിൽ ഏറെയും. കൃത്യമായ സ്ക്രിപ്റ്റോ, കഥയോ, അഭിനയ ശേഷിയുള്ള കലാകാരന്മാരോ ഇല്ലാതെ തട്ടിക്കൂട്ടിയെടുക്കുന്നതു കൊണ്ടാണ് അങ്ങനെ പറഞ്ഞത്. പണ്ടൊക്കെ സ്ക്രിപ്റ്റിൽ സാധാരണയായി ഹാസ്യ കഥാപാത്രങ്ങളെ ഉൾക്കൊള്ളിക്കാറില്ല. അത്തരം കഥാപാത്രങ്ങൾ ചെയ്തിരുന്നത് മലയാള സിനിമയിൽ എക്കാലത്തും നിറഞ്ഞു നിന്നിരുന്ന പരമരസികരായ പ്രഗൽഭന്മാരാണ്. സിനിമയ്ക്ക് ആവശ്യമായിട്ടുള്ള ചേരുവകൾ വളരെ സസൂക്ഷ്മം കണ്ടെത്തുകയാണ് അന്നൊക്കെ ചെയ്തിട്ടുള്ളത്.

ഇന്നാകട്ടെ വളരെ ലാഘവത്തോടെ, അരോചകമായ രീതിയിൽ തമാശകളും മറ്റു ചേരുവ



കളും ചേർത്ത് തട്ടിക്കൂട്ടി എടുക്കുകയാണ് ചെയ്യുന്നത്. സിനിമയിലെ സംഭാഷണങ്ങളി ലും മറ്റും മാന്യതയുടെ പരിധികൾ എല്ലാം വിട്ട് അമാന്യതയുടെ തലങ്ങളിലേക്കാണ് ഇന്ന് മലയാള സിനിമ കുടിയേ റ്റം നടത്തിക്കൊണ്ടി രിക്കുന്നത്. സിനിമയിൽ മലയാളികൾ എപ്പോഴും ശ്രദ്ധിക്കുന്ന മറ്റൊരു കാര്യം അവയിലെ പാട്ടുകളാണ്. നല്ല പാട്ടുകൾ എപ്പോഴും നമ്മുടെ മനസ്സുകളിൽ ഉണ്ടാകും. പ ഴയ കാലത്തൊക്കെ വളരെ അർത്ഥസമ്പുഷ്ടമായ പാട്ടുകൾ ആണ് ഉണ്ടായിരുന്നത്.

നദി എന്ന സിനിമയ്ക്ക് വേണ്ടി വയലാർ രാമവർമ്മ എഴുതിയ ആയിരം പാദസരങ്ങൾ കിലുങ്ങി എന്നു തുടങ്ങുന്ന പാട്ട് കേൾക്കുമ്പോൾ ആലുവ പുഴയിലെ ഓളവും തീരവും സംഗമിക്കുന്നതിന്റെ മനോഹാരിത അത് നേരിട്ട് കിട്ടുമെങ്കിൽ പോലും, പാട്ടിന്റെ വരികളിൽ കൂടി നാം കാണുന്ന മനോഹാരിത എത്ര മാത്രം അവർണ്ണനീയമാണ് എന്നുള്ളത് ഇന്നും നമ്മേ അത്ഭുതപ്പെടുത്തി കൊണ്ടിരിക്കുന്നു. എന്നാൽ ഈ പാട്ട് വയലാർ സമയമെടുത്ത് എഴുതിയ ഒരു പാട്ടായിരുന്നില്ല. ജി. ദേവരാജൻ മാഷ് സിനിമയിലെ കഥാ സന്ദർഭത്തിന് പറ്റിയ ഒരു പാട്ട് വേണമല്ലോ കുട്ടാ എന്ന് ഫോൺ ചെയ്തു പറഞ്ഞപ്പോൾ ആലുവ പുഴയുടെ തീരത്തെ ഓർത്തു കൊണ്ട്, 'എന്നാൽ എഴുതി എടുത്തു കൊള്ളൂ' എന്ന് പറഞ്ഞ് വയലാർ അപ്പോൾ തന്നെ ഫോണിലൂടെ പ റഞ്ഞു കൊടുത്ത പാട്ടാണ് ഇത്. നിമിഷ നേരങ്ങൾ കൊണ്ട് അതിമനോഹരങ്ങളും അർത്ഥസമ്പുഷ്ടങ്ങളു മായ ഗാനങ്ങൾ രചിക്കാൻ തക്ക കഴിവുള്ള പ്രഗൽഭമതികളായ കലാകാരന്മാർ ആണ് അന്നുണ്ടായിരുന്നത് എന്നുള്ളതിന്റെ തെളിവാണ് ഇത്.



ഒരിക്കൽ ഞാൻ ഒരു പരിപാടിക്ക് ചെല്ലുമ്പോൾ ഒരു കുട്ടിയുടെ ഡാൻസ് നടക്കുകയാണ്. എനിക്ക് സന്തോഷമായി. പാട്ട് ശ്രദ്ധിച്ചപ്പോഴാ ണ് അന്തംവിട്ടത്. വരികൾ ഇങ്ങനെയായി രുന്നു. എന്റമ്മേടെ ജിമ്മിക്കിക്കമ്മൽ എന്റെച്ഛൻ കട്ടോണ്ട് പോയി, എന്റെച്ഛന്റെ ബ്രാണ്ടി കുപ്പി എന്റമ്മ കട്ടു കുടിച്ചു. വരികൾ എഴുതുമ്പോൾ ഗാനരചയിതാവ് താൻ എഴുതുന്ന വരികളിലൂടെ എന്താണ് കുട്ടികൾക്ക് പറഞ്ഞു കൊടുക്കു ന്നത് എന്ന് ശ്രദ്ധിക്കേതാണ്. തന്റെ അച്ഛൻ മോഷ്ടാവാണെന്നും തന്റെ അമ്മ ഒരു മദ്യപാനി ആണെന്ന് ഒക്കെ പാടി, അതിന്റെ താളത്തിന് ഒപ്പിച്ച് തുള്ളിച്ചാടുകയാണ് നമ്മുടെ കുട്ടികൾ. നമ്മൾ ചെറുപ്പത്തിൽ പഠിച്ചിട്ടുള്ളത് എന്താണ്? മാതാപിതാഗുരുദൈവം എന്നല്ലേ? എത്രയോ ദുഃഖങ്ങളും കഷ്ടപ്പാടുകളും സഹിച്ച് നമ്മളെ വളർത്തി വലുതാക്കിയതാണ് അമ്മ എന്നോർക്കണം. ആ അമ്മയെ കുറിച്ചാണ് ഇങ്ങനെയൊക്കെ പാടുന്നത്.

എവിടേക്കാണ് നമ്മുടെ സംസ്കാരം പോകു ന്നത് ?. എന്നാൽ ഒ.എൻ. വിയുടെയൊക്കെ കവിതക ളുടെ വരികൾ നോക്കുക. അരികിൽ നീ ഉണ്ടായി രുന്നെങ്കിൽ എന്നു ഞാൻ ഒരുമാത്ര വെറുതെ നിനച്ചു പോയി എന്ന് സ്നേഹ പൂർവ്വം പാടിയിരുന്ന കാലത്തു നിന്ന് ജിമിക്കി കമ്മൽ അച്ഛൻ കട്ടോണ്ട് പോയിടത്ത് വരെ എത്തി നിൽക്കുന്നു നമ്മൾ. പുതിയ സാമൂഹിക സാംസ്കാരിക അന്തരീക്ഷവും അതിൽ നിന്നുണ്ടാകുന്ന സിനിമയുമൊക്കെ നമ്മുടെ മനസ്സുകളിൽ വരുത്തിയിട്ടുള്ള

നെഗറ്റീവ് മാറ്റങ്ങളുടെ ഒരു ഉദാഹരണ മാണിത്. സിനിമയ്ക്ക് നമ്മുടെ മനസ്സുകളെ വലിയ രീതിയിൽ സ്വാധീനിക്കാനുള്ള കഴിവുണ്ട് എന്ന് പറയുന്നത് ഇതു കൊണ്ടാണ്. സിനി മ മലയാളികളുടെ മനസ്സിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണ്.

തകഴിക്ക് ജ്ഞാനപീഠ അവാർഡ് കിട്ടിയ അവ സരം ഞാൻ ഓർക്കുകയാണ്. ആ വേദിയിൽ വച്ച് ഒരു മന്ത്രി പറഞ്ഞത് വലിയ ചിരിക്ക് ഇട നൽകി. കയർ തൊഴിലാളികൾക്ക് ക്ഷേമനിധി പെൻഷൻ കിട്ടാൻ കാരണം തകഴിയുടെ കയർ എന്ന നോവലാണ് എന്നാണ് അദ്ദേഹം പറഞ്ഞത്. കയർ തൊഴിലാളികളുടെ ജീവിത ത്തെപ്പറ്റി വലിയ പിടുത്തം ഇല്ലാതിരുന്ന താൻ ഒരു സുഹൃത്ത് പറഞ്ഞത് അനു സരിച്ചാണ് കയർ വായിച്ചു നോക്കിയത്. അതു വായിച്ച ശേഷം അന്നത്തെ രാത്രി യിൽ താൻ ഉറങ്ങിയിട്ടില്ല എന്നും അദ്ദേഹം പറഞ്ഞു. ക്ഷണിക്കപ്പെട്ട അതിഥി കൾക്കിടയിൽ ഉണ്ടായിരുന്ന വിദേശികൾ പോലും ഇതു പറഞ്ഞപ്പോൾ ഉണ്ടായ ചിരിയുടെ കാരണം തിരക്കിയറിഞ്ഞ് ഒപ്പം ചിരിച്ചു. കർഷകരുടെയും കുടിയേറ്റ ക്കാരുടെ കയറുപോലെ പിരിഞ്ഞു കിടക്കുന്ന ജീവിത ങ്ങളു ടെയും കുടുംബബന്ധങ്ങളുടെയും കഥ കളാണ് ആ നോവലിന്റെ ഇതിവൃത്തം. ഇതൊന്നും അറിയാതെയാണ് മന്ത്രി താന ും ആ നോ വൽ വായിച്ചിട്ടുണ്ട് എന്ന് മട്ടിൽ ഇതൊക്കെ തട്ടിവിട്ടത്.

മലയാളത്തിൽ വന്നിട്ടുള്ള പ്രമുഖരായിട്ടുള്ള എഴുത്തുകാരുടെ നോവലുകളിൽ പലതിലും അന്നത്തെ ഇത്തരം സാമൂഹിക അന്തരീക്ഷ ങ്ങളും അവസ്ഥകളും പ്രതിപാദിച്ചിരുന്നു. കാലാന്തരത്തിൽ അത്തരത്തിലുള്ള സാമൂഹി കാവസ്ഥകളെല്ലാം മാറി മറിഞ്ഞിരിക്കുന്നു.

സമൂഹത്തിലെ എല്ലാത്തരം അവസ്ഥകൾക്കും നല്ല മാറ്റങ്ങൾ വരുത്താൻ നല്ല സിനിമകൾ എന്നും കാരണമായിട്ടുണ്ട്. പണ്ടൊക്കെ SSLC പരീക്ഷകളിൽ മുപ്പതോ, മുപ്പത്തിയഞ്ചോ മാർക്ക് കിട്ടിയാലായി. ഗ്രേയ്സ് മാർക്ക് കൂടി കിട്ടിയാണ് പലരും ജയിച്ചു പോയിരുന്നത് എന്ന് ആലോചിക്കണം. അന്നൊക്കെ കഷ്ടിച്ചു ജയി ച്ചാൽ തന്നെ നമ്മളൊക്കെ സന്തോഷം കൊണ്ട് തുള്ളിച്ചാടുമായിരുന്നു. എന്നാൽ ഇന്നത്തെ കുട്ടികൾ സെന്റ് പേർസന്റ് മാർക്കോടു കൂടിയാണ് ജയിച്ചു കയറുന്നത്. ബുദ്ധി പരമായി അത്രത്തോളം വളർന്നു കഴിഞ്ഞു ഇന്നത്തെ തലമുറ.



സിനിമ ക്വിസ്സ് മൽസ രത്തിലെ കുട്ടികളു ടെ പ്രകടനം കാൽ തന്നെ അത് തിരിച്ചറി യാൻ കഴിയും. ക്വിസ്സ് മത്സരങ്ങൾ വിജ്ഞാനം വളർത്തി യെടുക്കാൻ പറ്റിയ വഴികളാണ്. അത്തരം മത്സരങ്ങൾ സംഘടിപ്പിക്കാൻ ആർജ്ജവം കാണിച്ച സാബുവിനെ അഭിനന്ദിക്കുന്നു. നമ്മുടെയൊക്കെ അഹങ്കാരവും ധാരണയും നമ്മളൊക്കെ വിജ്ഞാനത്തിന്റെ കേന്ദ്രങ്ങളാണ് എന്നതാണ്. അത് തെറ്റായ ധാരണയാണ്. വിശ്വവിജ്ഞാനം എന്ന മഹാസാഗരത്തിൽ നിന്ന് ഒരു തുള്ളി പോലും നമ്മൾ നുകർന്നിട്ടില്ല എന്നതാണ് സത്യം. എന്നാൽ അഹങ്കാരികളായ നമ്മൾ ധരിക്കുന്നത് , നമ്മളെപ്പോലെ അറിവും വിവ രവും ഉള്ളവർ വേറെ ആരുമില്ല എന്നതാണ്. എന്നാൽ ഈ കുട്ടികൾക്ക് വരെ നമ്മൾക്ക് വഴികാട്ടാൻ സാധിക്കും എന്നതാണ് സത്യം.

വളരെ താല്പര്യത്തോടെ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്ത കുട്ടികൾക്കും അതോടൊപ്പം

തന്നെ തോറ്റ കുട്ടികൾക്കും ആശംസകൾ അർപ്പിക്കുന്നു. ഇതോടൊപ്പം തോറ്റ കുട്ടികളോട് എനിക്ക് പറയാനുള്ളത്, എല്ലാത്തരം കളികളിലും നന്നായി പങ്കെടുക്കുക എന്നത് തന്നെയാണ് പ്രധാനം എന്നതാണ്. ഒരു ഫുട്ബോൾ കളിക്കാരൻ ആയതുകൊണ്ട് തോൽവിയും ജയവും ഒന്നും എനിക്കൊരു വിഷയമായിട്ടില്ല. തോറ്റ കുട്ടികൾ വിഷമിക്കേ കാര്യമില്ല. എന്തെന്നാൽ നന്നായി പങ്കെടുക്കാൻ നന്നായി പഠിച്ചു തയ്യാറാകണം. ആ തയ്യാറെടുപ്പാണ് നമ്മളെ വിജയത്തിലേക്കും ഉന്നതിയിലേക്കും നയിക്കുന്നത്. അതുകൊണ്ട് കുട്ടികളെ എല്ലാവരെയും അഭിവാദ്യം ചെയ്യുകയും അഭിനന്ദിക്കുകയും ചെയ്തു കൊള്ളുന്നു. നിങ്ങൾക്ക് എല്ലാവർക്കും വലിയ ഭാവി നേരുന്നു.



**സാബു ശങ്കർ** :
കഴിഞ്ഞ രണ്ടു വർഷമായി പ്ലാൻ ചെയ്തു കൊണ്ടിരുന്ന പദ്ധതികൾ അനുസരിച്ച് സിനിമാ സംബന്ധിയായ നാലു മാസത്തെ ഒരു കോഴ്സ് 10 പേർക്കായി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. സ്ക്രിപ്റ്റ് റൈറ്റിംഗ്, ഷൂട്ടിംഗ് സ്ക്രിപ്റ്റ്, ഷൂട്ടിംഗ് , സിനിമോട്ടോഗ്രാഫി, എഡിറ്റിം ഗ്, റെക്കോർഡിങ്, പോസ്റ്റ് പ്രൊഡക്ഷൻ വർക്ക്, സെൻസർ സ്ക്രിപ്റ്റ് , മാർക്കറ്റിങ് വരെയുള്ള കാര്യങ്ങൾ ഒരു ഫീച്ചർ ഫിലിമിൽ പങ്കെടുപ്പിച്ചുകൊണ്ട് മനസിലാക്കി കൊടുക്കു ന്നതായിരിക്കും ഫീച്ചർ ഫിലിം പ്രൊഡക്ഷൻ ഇൻട്രോഡക്റ്ററി കോഴ്സ്. അതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായി വരുന്നു.

മറ്റൊരു കാര്യം, അടുത്ത മാസത്തെ ഫിലിം ഫെസ്റ്റിവലിൽ വാർദ്ധക്യവും സ്മൃതി നാശവും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സിനിമകൾ ആയിരിക്കും പ്രദർശിപ്പിക്കാൻ പോകുന്നത്. വാർദ്ധക്യവും വാർദ്ധക്യത്തിൽ സംഭവിക്കുന്ന സ്മൃതി നാശവും ഒറ്റപ്പെടലും അതേ തുടർന്നുണ്ടാകുന്ന ദുരിതങ്ങളും ഒക്കെ ദൃശ്യവത്കരിക്കപ്പെട്ട മഹത്തായ നാല് സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. ഇതേ വിഷയത്തിൽ കവിയരങ്ങ് സംഘടിപ്പിക്കും. കവിതകൾ ഫിലിം മാഗസിനിൽ പ്രസിദ്ധീകരിക്കും.

**ഡോ. ബി. രാധാകൃഷ്ണൻ:**
കച്ചവട സിനിമകൾ അല്ലാതെയുള്ള ഫീച്ചർ ഫിലിമുകൾ നിർമ്മിക്കുക എന്നത് മറ്റൊരു പദ്ധതിയാണ്. ഒരു പ്രോജക്ട് ഈ വരുന്ന ജനുവരി മാസം തന്നെ തുടങ്ങാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്. തൊണ്ണൂറ്, നൂറ് മിനിറ്റ് ദൈർഘ്യമുള്ള നാലോളം സിനിമകൾ നിർമ്മി ക്കുവാനുള്ള പദ്ധതിയാണ് തയ്യാ റാക്കിയിട്ടുള്ളത്. സിനിമ തീയേ റ്റർ പ്രദർശനം ലക്ഷ്യമാക്കിയുള്ള ഒരു പദ്ധതി അല്ല ഇത്. ഇന്നത്തെ മനുഷ്യന്റെ ജീവിതസാഹചര്യങ്ങളെ കുറിച്ചും പ്രതിസന്ധികളെ കുറിച്ചു മുള്ള വസ്തുതകളും ആശയങ്ങളും ആയിരിക്കും സിനിമകളിൽ ഉണ്ടാവുക. പത്തുപേരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു ട്രെയിനിങ് കോഴ്സും ഇതോടൊപ്പം ഉണ്ടാകും. സിനിമാ നിർമ്മാണത്തിന്റെ എല്ലാ ഘട്ടങ്ങളിലുമുള്ള പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള , ഏകദേശം നാല് മാസം നീണ്ടുനി ൽക്കുന്ന , ഒരു പരിശീലന കോഴ്സ് ആയി രിക്കും ഇത്. അടുത്ത മാസത്തെ ചലച്ചിത്രോത്സവ

വിഷയമായ വാർദ്ധക്യവും സ്മൃതി നാശവും എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, വാർദ്ധക്യത്തിൽ സ്മൃതി നാശം ഉണ്ടാകേണ്ട ഒരു കാര്യമല്ല എന്നു നമ്മളിൽ പലരും ചിന്തിച്ചേക്കാം. നമ്മളിൽ പലർക്കും കാര്യമായ അറിവുകൾ ഇല്ലാത്ത ഈ വിഷയത്തെക്കുറിച്ച് പ്രദർശിപ്പിക്കാൻ പോകുന്ന വിശ്വപ്രസിദ്ധങ്ങളായ നാല് സിനിമകൾ ഇതേ വേദിയിൽ വച്ച് നവംബർ മാസം 24- ആം തീയതി നടത്തപ്പെടുന്ന തായിരിക്കും. വിജയികളായവർക്ക് പന്ന്യൻ രവീന്ദ്രൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഒക്ടോബർ മാസത്തിലെ കോളേജ് വിദ്യാർഥികൾക്കുള്ള ലോകസിനിമ ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് പ്രൈസ്, സർട്ടിഫിക്കറ്റ്, ഗിഫ്റ്റ് എന്നിവ ചടങ്ങിൽ സമ്മാനിച്ചു . പാർത്ഥിവ് പ്രകാശ്, ഹരിപ്രിയ സി. എന്നിവർക്കാണ് ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചത്. ആർഷ എസ്.എ., ലോപമുദ്ര എം.എൽ. എന്നിവർക്ക് രാം സമ്മാനവും, അമൽ മുഹമ്മദ് എ. എസ്., അഭിരാമി എസ് എന്നിവർക്ക് മൂന്നാം സമ്മാനവും ലഭിച്ചു. ശ്രെയസ് ഡി.പി., അലി ആസാദ് എൻ.എഫ്. എന്നിവർക്ക് സമാശ്വാസ സമ്മാനവും ലഭിച്ചു.

ഫിൽക്ക ജോയിൻ സെക്രട്ടറി ജ്യോതിഷ് കുമാർ പി. എസ്. വേദിയിലും സദസിലും ഉള്ളവർക്ക് നന്ദി പറഞ്ഞു.







November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society



കവിത

# മരിച്ചുപോയ ഓർമ്മത്തീരത്ത്



ഡോ. അനിൽ കുമാർ.എസ്.ഡി.

എന്നെ ഓർത്തെടുക്കാൻ
മരിച്ചുപോയ ഓർമ്മത്തീരത്ത്
ഞാൻ തോറ്റുപോയ സായംകാലത്താണ്
നരകളിലെ കറുപ്പുചായം നിലത്തുതൂകി
കാലത്തിന്റെ കോലം വരച്ചത്!

ഇന്നലെകളുടെ പുകച്ചുരുകളും തൂക്കി
ആരുടെയോ മുഖങ്ങൾ തിരഞ്ഞ്
മേഘക്കീറിലൂടെ പൊങ്ങുതടിയായ്
ഭൂമിയിലൂടെ തട്ടിത്തടഞ്ഞുവീണ്
ലക്ഷ്യമില്ലാതൊഴുകുന്ന പാഴ്ത്തടി ഞാൻ!

നിന്നെ മാത്രം ഞാനോർക്കുന്നു
നമ്മളേതോ ഇരുട്ടുണക്കിയ
ഈറൻകിടക്കയിൽ
പരസ്പരം പങ്കിട്ടെടുത്ത് കിടക്കകൂട്ടിയവർ,
മരണമാണ് നീയെന്നറിഞ്ഞിട്ടും
പലവട്ടംനിന്നെ മതിമറന്ന്
പുണർന്നു മരിച്ചവൻ ഞാനും!

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC



കവിത

# മറവി


ശാന്താ തുളസീധരൻ

മറവി കാർന്നു തിന്നൊടുക്കിയോർമ്മകൾ
പലതുമിങ്ങിനി വരാതകന്നുപോയ്
ഇടയിലെത്തുമാ പ്രിയമുഖങ്ങളും
വരുതിവിട്ടപോൽ പടികടന്നു പോയ്.
പരിഭവങ്ങൾ നീ കൊറിച്ച വേളയെ
പരിണയിക്കുവാനൊരുങ്ങി നിൽപ്പു ഞാൻ
പറയുകർദ്ര യാ,യലസ,മന്നു നാം
പറഞ്ഞു തങ്ങളിൽ പകുത്തതൊക്കെയും.
മകര മഞ്ഞിലൂ ടൊരിക്ക,ലന്നു  നാം
പകുതി കണ്ടൊരാ പ്രണയമന്ദിരം
പണി കഴിഞ്ഞുവോ..?അവിടെയിപ്പോഴും
കുടികിടപ്പുകാർ, സ്ഥിര പ്രതിഷ്ഠരും,
വിരുന്നുപാർക്കുവോർ, ഇടയ്ക്കു പ്രേമികൾ,
പല വഴികളിൽ ഒഴുകിയെത്തുവോർ
തിരി തെളിക്കുമോ..? കരിപിടിച്ചുവോ?
മറവിയെന്നെയിന്നടിമയാക്കി യെൻ
മനസ്സ് ശൂന്യമായറിഞ്ഞുവോ പ്രിയേ..
ഒരിക്കലന്നു നാം കടൽക്കരെ, ത്തിരയെടുത്ത
തീരവും പകുത്തിരുന്നതും,
മടങ്ങുവാൻ മടിച്ചകലെ യസ്ഥിര
വെളിച്ചമിത്തിരി ചുവപ്പുടുത്തതും,
ഒരിക്കൽ നമ്മളും മടങ്ങുമീവിധം,

നടുക്കമോടെ നീ കരഞ്ഞു ചൊന്നതും
ഫലിച്ചു, ബാക്കിയായിരിപ്പു പിന്നെയും.
വിഷുവിനോർമ്മകൾ, മകര സംക്രമം,
ധനുവിലാതിരാ ക്കുളിരണിഞ്ഞതും
ഒടുവിലോണനാൾ നിറമണിഞ്ഞതും,
ഫലിതവർത്തകൾ, കളഞ്ഞ കണ്ണട,
മധുര, മുപ്പുമായ് പ്പകർന്നിടൂ സഖേ.
മുറിയിലിപ്പോഴും ചെറിയ വാസന,
പരിചിതങ്ങളാം മുടി, മണങ്ങളും,
വിരലളന്നതാം വഴികൾ, വാതിലും,
ചിരി പൊഴിച്ചൊരാ നിറഞ്ഞ സന്ധ്യകൾ,
ചെറിയൊരോർമ്മയിൽ ക്കുളിരു മായി
വന്നടിമുടി യെന്നിൽ പ്പടർന്ന നാളുകൾ
മുറിഞ്ഞുപോയതും തകർന്ന നൗകപോൽ
കടലിടങ്ങളിൽ അലഞ്ഞു നിൽക്കയായ്.
കരയിലല്ല ഞാൻ, കടലിലും, കരൾ
കവരു മോർമ്മകൾ കൊറിച്ചുമിങ്ങനെ
ഉടുത്ത വേഷമീ യൂലഞ്ഞ യാത്രയിൽ
പ്പുകഞ്ഞ കൊള്ളിപോലെ  രിഞ്ഞു
നിൽക്കവേ
തുഴകളില്ലാതെ, തുണയുമില്ലെന്ന തറിഞ്ഞു
നിന്നിലേയ്ക്കണ ഞ്ഞിടാമിനി..

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society


കവിത

# കണ്ണുനീർപുഷ്പങ്ങൾ



ഡോ. ഉഷാറാണി .പി

ഞെട്ടിത്തരിച്ചുപോയ് 'ടീച്ചറെ'ന്നതിദൃഢം
ആരു ഞാനെന്നച്ഛനോതിയപ്പോൾ
എൻമകളെന്നൊന്നു കേൾക്കുവാനാണെന്റെ
നെഞ്ചിലെ ശാരിക വെമ്പിയതും.

വാർദ്ധക്യശയ്യയ്ക്കു വെൺതൂവൽ വിരിയിട്ടു
വാരൊളിതേടുന്ന ശ്ലഥചിന്തകൾ
വാനത്തെയമ്പിളിക്കുഞ്ഞിനെ നോക്കി -
ച്ചിരിച്ചും ചിറകിട്ടടിച്ചുയർന്നും

ഊഴിയിലിച്ഛകളൂഴംതിരയുമ്പോൾ
ഊനംവെടിഞ്ഞു നൽപ്പൈതലെപ്പോൽ
ചിത്രങ്ങളില്ല, ചിതൽതിന്നു തീർന്നവ
ചിത്തത്തിൽ മൗനവും വാചാലതയും

വൃദ്ധന്റെയോർമ്മപ്പതർച്ചയിൽ വൃത്തികൾ
വൃദ്ധിക്ഷയങ്ങളനുവേലം പുൽകേ
കാൽക്കൽപ്പൊഴിച്ചിട്ട കണ്ണീരിൻ പുഷ്പങ്ങൾ
കാലപ്രവാഹത്തിലും തെളിഞ്ഞുനില്പൂ

കവിത

# സ്മൃതി, വിസ്മൃതി



തിരുമല ശിവൻകുട്ടി

കിട്ടുമനസ്സിലായില്ലെന്നോ സുഹൃത്തേ!
പണ്ടത്തെ കളിക്കൂട്ടുകാരല്ലേ നമ്മൾ
ഒരു ബഞ്ചിലൊന്നിച്ചിരുന്നു പഠിച്ചവർ
ഒരു പൊതിക്കടല പങ്കിട്ടുകഴിച്ചവർ
പടവരമ്പിലൂടെ പള്ളിക്കൂട വഴികളിൽ
കളിച്ചും ചിരിച്ചും നടന്നുപോയവർ
മഴവന്നനേരം ചേമ്പിലക്കുടയിൽ
തലനനയാതെ നനഞ്ഞൊലിച്ചതും
എത്ര നാളുകൾ നിനവുകളായ് മാറി
ഇന്നലത്തെപ്പോലെ ഞാനിതെല്ലാമോർപ്പൂ.
കാലം കഴിഞ്ഞെത്ര മാറ്റം നമ്മളിൽ
നീയിന്നു മറവിരോഗം ബാധിച്ചവശനായ്
പണ്ടുനീ കുറിച്ച വരികൾ ചൊല്ലിക്കേൾപ്പിക്കേ,
ഇതാരാണെഴുതിയതെന്നു സംശയം
ചോദിക്കേ,
തന്ത്രികൾ പൊട്ടിയ വീണ പോൽ മസ്തിഷ്ക
കോശങ്ങളെല്ലാം നശിച്ചുനീ രോഗിയായ്
പ്രായമേറെയായെങ്കിലും നീ ശിശുവേപ്പോൽ
പണ്ടത്തെ ഓർമ്മകൾ പുലമ്പുകയോ?
പ്രിയതമയുടെ പേരുപോലും മറന്നു നീ
പുറത്തിറങ്ങാതെ മുറിയിൽ കഴിയുന്നുവോ?
മക്കളെപ്പോലും തിരിച്ചറിയാതെ നീ
സ്വപ്നലോകത്തിലേകനായ് മാറിയോ?

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society

KSFDC

കവിത

# ഓർമ്മകൾ മായുമ്പോൾ




അനിതാ ശരത്

വഴിതെറ്റി കണ്ണുകൾ പാതിരാപ്പാടത്ത്
പഴനെല്ലുകൊയ്യും കിനാവുകാണും
കനവിന്റെ പതിരുകൾ കൂനകൾ കൂട്ടിടും
കതിരുകൾ കത്തിയമർന്നുപോകും
മറവികൾ ഓർമ്മയുടെ മതിലും കടന്നെത്തി
കരിപൂണ്ട മൂലയിൽ കാത്തുനിൽക്കും
അവ പിന്നെ കരളിന്റെ കരളിൽ കഠാരയുടെ
തെളിമുന കൊണ്ടു പടം വരയ്ക്കും
കണ്ണീരുറഞ്ഞിടും ഹിമശൈല പാർശ്വങ്ങൾ
വർണ്ണങ്ങളേഴും വിടർത്തിനിൽക്കും
പഴമയുടെ പലകമേലമരാതിരുന്നിടും
തെളിയാത്ത ചിത്രങ്ങൾ ചിന്തപോലെ
മിഴിനീരൊഴിച്ചു നാം സൂക്ഷിച്ച ചിപ്പിയിൽ
മിഴി തുറക്കില്ല തൂ മുത്തിൻമണി
ഓർമ്മയുടെ ചിത്രങ്ങളൊട്ടിച്ച താളിന്റെ
ആഴങ്ങളിൽ മയിൽപ്പീലി ചാകും
മനസ്സിന്റെ കോണിന്നിരുട്ടത്ത് ചാരി
നിന്നുയിർ വീണ മീട്ടും അപശ്രുതികൾ
ചിതലുകൾ തിന്നുതീർത്തൊടുവിൽ
എറിഞ്ഞിടും
മണികൾ തിളങ്ങും സ്മൃതിച്ചിലങ്ക
കനിവേതുമില്ലാതെ കനൽക്കൂന ചിതറിക്കും
മുകളിൽ തിളങ്ങുന്ന മീനസൂര്യൻ
കരളിന്നഗാധതയിൽ അലറുന്ന കടലിന്റെ
കരയിൽ തളർന്നു നാം വീണുപോകും

കവിത

# പാതയിൽ ഇരുൾ പടരുമ്പോൾ



കരുമം.എം. നീലകണ്ഠൻ

ഇരുണ്ട മാനത്തിൽ കാണും ഒളിമങ്ങിയ
താരങ്ങൾ പോലെയനവധി സ്മൃതികൾ
മമമാനസത്തിൽ ഒളിഞ്ഞും തെളിഞ്ഞും
മരുവുന്നുണ്ടീ സായാഹ്നജീവിതത്തിൽ!

വാർധക്യം വന്നു വാൾവീശി വെട്ടിയപ്പോൾ
ഹൃത്തു മുറിഞ്ഞു ചുടുനിണമൊഴുകി
ബന്ധുക്കളും മിത്രങ്ങളും കൈയൊഴിഞ്ഞു
ബന്ധമില്ലാത്ത ചിന്തകൾ വന്നുചേർന്നു!

പേരുകൾ പലതും മറന്നുപോയി ഞാൻ
ദുരിതങ്ങൾ മാത്രം മായാതെ നിൽക്കുന്നു
വൃദ്ധസദനത്തിലിന്നനാഥരായി
വാഴുന്നോർക്കെന്തിനാണോർമ്മതന്നാർഭാടം?

മാധുര്യമൂറും ചിന്തകൾ പോയ്മറഞ്ഞു
മായാതെ നിൽക്കുന്നു വേദനകൾമാത്രം
പാർവണേന്ദുപോൽ തിളങ്ങുന്നു സന്തതം
യൗവനത്തിലിണയായ പെണ്ണിൻവദനം!

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC



കവിത

# വാർദ്ധക്യവും മറവിരോഗവും



വിശ്വംഭരൻ രാജസൂയം

വാർദ്ധക്യം പടിവാതിലിൽ എത്തുമ്പോൾ
വഴിതെറ്റിവരുന്നോരോ ആശാനിരാശകർ
വരുന്നതാരെന്നോ പോകുവതാരെന്നോ
ഓരോ വികാര ചിന്തകളൊളിഞ്ഞു ചേരും

അലതല്ലും തൻ ദുഖങ്ങളിലും
അല്ലലറിയാതെ മക്കളെ വളർത്തി
അരവയർ മാത്രം നിറച്ചു നാം
നിറവയറിൽ സുഭിക്ഷരാക്കി അവരെ

ശൈശവ ബാല്യ കൗമാര യൗവനം
ശയനപ്രദക്ഷിണം മനസ്സാ നടത്തി
വാർദ്ധക്യകാല ചിന്തകളിലൂടെ
വന്നുപോയാലതു ഭാഗധേയം

പ്രായമേറെയേറുന്തോറും
പ്രായാധിക്യമറവി രോഗവുമേറും
പ്രായമുള്ളവരെപോലും ചിലർക്കു
പ്രിയമല്ല എന്ന് ഭവിക്കുന്നതും ദശ

മാതാപിതാക്കളിന്നന്യമാക്കുന്ന
മക്കളും നാളെ മാതാപിതാക്കളല്ലോ!
മറക്കാൻ ശ്രമിയ്ക്കാതെ യോർമ്മിച്ചാൽ
മറവിയ്ക്കു മറുമരുന്നു സ്നേഹാദരം മാത്രം

November Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
KSFDC



കവിത

# സ്മൃതി പുസ്തകങ്ങൾ തിരിച്ചും മറിച്ചും



സജി അജീഷ്

നിറകണ്ണും വിറചുണ്ടും
നിറയുമീയങ്കണത്തിൽ
മന്ദമായ് നീങ്ങുമച്ഛനമ്മ
മാർ
തൻനിര കാണാം
കാലുകൾ തേഞ്ഞും
വളഞ്ഞു പോയ് മേനി യെന്നാലും
ചുളിവിന്നുളികളാൽ
വരകൾ നിറഞ്ഞൊരാ
മുഖ-
ങ്ങളിലിഷൊഴുംകാണാം
ആകാംക്ഷാഭരിതമാം മിഴികളെ.

ഇടറുമൊരീണം പാടി
നടക്കുന്നു കാറ്റിങ്ങനെ,
ഇതാണിതാണ് നമ്മുടെ
വൃദ്ധസദനം.
വെയിലും മഴയുമേതെ
ന്നറിയാതെ
തൂവേർപ്പ് കണങ്ങൾ
മഴയായ് മാറ്റി
നമ്മെ നാമാക്കിയ നേരം
വാർന്നുപോയൊരാ
ചേതസ്സിന്നിടം നോക്കി
മൃതമാകുമോർമ്മകളെ
സ്മൃതിയാൽ
കോർത്ത് കോർത്ത്
തോറ്റിടുന്നോരവർ.
മൂകമാംവഴികളിലെങ്ങു
നിന്നോയെത്തുന്നിതാ,
മരച്ചില്ലകളിൻ നിശ്വാസം പോലൊരീണം
ഇട നിദ്രതൻ വഴിയമ്പ ലത്തിലെത്തിയോരമ്മ
പെറുക്കിയെടുക്കുന്നു
ഗതകാലസ്മരണകളെ.
ഉറച്ച ശിഖരമതിൽ
പൂത്തുലഞ്ഞ
തളിർലതകളിൽ മധു പന്മാരെന്നപോൽ
സ്നേഹദുഗ്ദ്ധം നുക രാനെത്തിയിരുന്നോ
രെൻ
കിടാങ്ങളു മൊന്നി ച്ചുള്ള നിമിഷങ്ങളു-
മതിന്നനുഭൂതിയിലന്ന് ഞാനെന്നെയും
മറന്നതും,
പിന്നെന്നോ പറക്കമുറ്റി
യെന്നറിഞ്ഞവർ
എന്നനുഭൂതിയിങ്കൽ
കനൽ വാരി നിറച്ചതും ,
ദൂരങ്ങൾ താണ്ടി - ത്താണ്ടിയെന്നാലും
എന്നരികത്തണയാ
തിരിക്കില്ലെന്ന
പെരിയ പ്രത്യാശയിൽ,
കാത്തു കാത്തിരുന്നു
ഞാനെത്രയെന്നോ?
ഭ്രമാത്മകമീ ജീവിത
വിവർണ്ണങ്ങൾ തേടി
പായുന്നോർക്കുണ്ടോ ,
നേരം
വൃദ്ധരാം മാതാപിതാ ക്കൾക്കായി
കളയുവാൻ ?
മറവി കൊടികാട്ടുമീ വാർദ്ധക്യ ചിന്തയതിൽ
തലകീഴായ രക്ത ബന്ധങ്ങളിൻ
കണക്കുകൾ
കൂട്ടിയും കിഴിച്ചും
പ്രജ്ഞയിലഴിയാ
കുരുക്കുകൾ കുരുങ്ങവെ
വേർതിരിക്കാനൊരു
കൈതാങ്ങിനുമില്ലാരാനും
നിസ്സഹായമീയവസ്ഥയ്ക്ക് നാം
ചെല്ലപ്പേരുമിട്ടി
ങ്ങനെ 'അൾഷിമേഴ്സെന്ന്'.
സ്മൃതി പുസ്തകങ്ങൾ
തിരിച്ചും
മറിച്ചുമിരിക്കുമീ വയ സ്യരെ
കാണുന്നേര ,മെന്തു
കഷ്ടം, കഷ്ടമെന്നോതി ,ക്കട
ന്നു
പോകാറുണ്ടോ, വരണ്ട കാറ്റൊന്ന്
മുടങ്ങാതെ.

കവിത

# രക്തഭ്രമരങ്ങൾ



സാബു ശങ്കർ

എന്നിനി തിരികെയെത്തും
നിന്നോർമ്മതൻ ഓളങ്ങൾ
ഗതകാല വർണ്ണഋതുക്കൾ കുറിച്ചിട്ട
'നോട്ട് ബുക്ക്' തുറക്കുമ്പോൾ?

സ്നേഹോഷ്മള വികാരപർണ്ണങ്ങൾ വീശി
സ്നിഗ്ധ ഹൃദയങ്ങൾ താണ്ടിയ മേടുകൾ
വിജനഗദ്ഗദം വിരഹമുറിവിൽ
വിതുമ്പും 'എവേ ഫ്രം ഹേർ'
ശ്ലഥചിത്രമാവുമ്പോൾ ?

സ്മൃതിപാളികൾ തെറ്റിയ 'ഫാദർ'
മൃതിയുടെ ദുന്ദുഭി കേട്ടുണരുമ്പോൾ,
നിഴലാട്ടമാവുന്ന നിന്റെ മൗനങ്ങൾ
നീറുന്ന 'അമോർ' കത്തിയെരിയുമ്പോൾ?

രക്തഭ്രമരങ്ങൾ പാറിനടക്കും
രാവിൻ ഭ്രമകൽപ്പനയുടെ വാതിൽ
തുറക്കാൻ,

മറവിയിലാണ്ടുപോകുമീ ദീപനാളം
മൃദുലം കൈത്തിരിതുമ്പിനാൽ
പകർന്നെടുക്കാൻ,

എന്നിനി തിരികെയെത്തും
നിന്നോർമ്മതൻ ഓളങ്ങൾ ?

(4 films* The Note Book, Away from her,
The Father & Amour)

# ആന്ദ്രേ താർകോവ്സ്കി
# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

UPI ID: vinku72@oksbi

Scan to pay with any UPI app


FILM VISION MONTHLY NOVEMBER RS 2/ RNI-KER BIL/2002/8043

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090




വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർകോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹ 200~~ ₹150




**13th EDITION**
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

Chief Editor - Dr. B. Radhakrishnan.
Associate Editors - Jyothishkumar, Girija Surendran.
Design - Shaji CAD
Circulation - Vinodkumar P.
Editor and Publisher - Sabu Sankar , General Secretary, FILCA, PB 2224, Trivandrum -10, Kerala.